Vol. 20. No. 7.

# കർമ്മലകുസുമം

# The Flower of Carmel



പ്രതിമാസപത്രിക.

July 1922.

# വിഷയ വിവരണിക


| | | | പേജ്. |
|---|---|---|---|
| 1 | മംഗളം. | റവ. ഫാദർ ജോസഫ് ഏണെക്കാട്ട്. | 145 |
| 2 | കർമ്മലമാതാവിൻെറ തിരുനാൾ. | റവ. ഫാദർ ഗ്രീഗോറി സി. ഡി. | 145 |
| 3 | ജഗൽപ്രസിദ്ധമായ ഒരു കഷ്ടാനുഭവാ കഥകളി. | ശ്രീമാൻ പി. ജെ. തോമ്മസ് എം. ഏ. (ഓണേഴ്സ്) | 147 |
| 4 | സീയന്നായിലെ വിശുദ്ധ കുമ്പാന. | റവ. മാത്യു കടവിൽ, റോമാ. | 149 |
| 5 | മാർ സബറീശൊയും ചെമ്പുപട്ടയവും. | റവ. ഫാദർ ബർണ്ണാർഡ് സി. ഡി. | 151 |
| 6 | മാർപ്പാപ്പായുടെ രാഷ്ട്രിയാധികാരം. | ശ്രീമാൻ കെ സി. വക്കി ബി. ഏ. | 154 |
| 7 | തിരുവിതാംകൂർ നിയമനിർമ്മാണസഭയും വേദപ്രചാരവും | എറണാകുളം വേദപ്രചാരസംഘം സെക്രട്ടറി. | 156 |
| 8 | ശാന്തിഗീതം (ഗാഥ) | ശ്രീമാൻ എം. ജെ. ഏബ്രഹാം വാദ്ധ്യാർ. | 158 |
| 9 | കേരളത്തിലെ ക്രിസ്തീയരാജാവു് | ശ്രീമാൻ എം. എൽ. ഐസക്ക്. | 159 |
| 10 | പാപ്പാമതം പൃകച്ചുകളയും. (ഒരു കഥ) | റവ. ഫാദർ സൈമൺ സി. ഡി. | 161 |
| 11 | കൊന്തയും വെന്തിങ്ങയും. | ഒരു യാക്കോബായക്കാരൻ. | 162 |
| 12 | തിരുഹൃദയപൊതുനിയോഗം. | | 164 |
| 13 | കുറിപ്പുകളും വത്തമാനങ്ങളും. | | 165 |
| 14 | ചരമവാത്ത, മനോഗുണവിവരങ്ങൾ, ഔഷധക്കുറിപ്പുകൾ. | | |
| 15 | പഞ്ചാംഗം. | | |


## ഗ്രന്ഥാവലിവകക്ക പണം അടച്ചവരുടെ പേരുവിവരം.

| അവർകൾ, | രൂ. |
|---|---|
| ആണ്ടുമാലിൽ ബ. പോത്തച്ചൻ (വീണ്ടും) | 1 |
| ബ വി. ഡി. തോമ്മാച്ചൻ | 1 |
| ,, മാറാട്ടുകളത്തിൽ തോമ്മാച്ചൻ | 1 |
| റവ. ഫാദർ ജാക്സൻ തിരുവനന്തപുരം. | 1 |
| ബ. പയ്യപ്പള്ളി മത്തായിഅച്ചൻ | 7 |
| ,, ചന്ദ്രംകുന്നേൽ ദേവസ്യാച്ചൻ | 1 |
| ,, കതളിക്കാട്ടിൽ മത്തായി അച്ചൻ | 1 |
| ,, ഇരുത്തിക്കര ഗീവറുഗീസച്ചൻ | 1 |
| ,, കുരുപ്പുമഠം മത്തായിഅച്ചൻ | 1 |
| ,, നെല്ലിശ്ശേരി ഹെന്നറിക്കോസച്ചൻ | 1 |
| ബ. അറയ്ക്കൽ യാക്കോബച്ചൻ | 1 |
| റവ. ഫാദർ സെബാസ്റ്റ്യൻ പ്രസന്റേഷൻ ബി. ഡി. | 1 |
| വെ. ബ. മുരിക്കൻ യാക്കോച്ചൻ | 1 |
| ബ പള്ളിക്കുന്നേൽ യാക്കോച്ചൻ | 1 |
| ,, മുരിക്കൻ തോമ്മാച്ചൻ | 1 |
| ,, മണ്ണനാൽ കുര്യാക്കോസച്ചൻ | 1 |
| ,, മാളിയേക്കൽ മത്തായി അച്ചൻ | 1 |
| ,, തോട്ടുങ്കൽ യൌസേപ്പച്ചൻ | 1 |
| ,, വളവനാട്ടു പത്രോസച്ചൻ | 1 |
| ,, കുഴമ്പിൽ തോമ്മാച്ചൻ | 1 |

# കർമ്മലകുസുമം.

പുസ്തകം ൨൦ ൧൯൨൨ ജൂലയി ലക്കം ൧.


## മംഗളം.

മാർത്തോമ്മായുടെ മക്കളെന്ന ബഹുമാനപ്പേർ ധരിക്കുന്ന നാം
പേർത്താരോവിധമക്രമങ്ങൾ നിയതം ചെയ്യുന്നതെന്നാളിലും
തീർത്താതാം ബഹു കഷ്ടമാണു സുകൃതം മേലെങ്കിലും നേടുവാ-
നോർത്താളാമതിനിപ്പിതാവു കൃപയാ വേണ്ടുംവരം നൽകിടും.

ഏടണേകാട്ടു യൌസേപ്പുകത്തനാർ.

## കർമ്മലമാതാവിൻെറ തിരുനാൾ.

ഈ മാസം ൧൬-ാംനു- ആണല്ലൊ പരിശുദ്ധ കർമ്മലമാതാവിൻെറ തിരുനാൾ ഘോഷിക്കപ്പെടുന്നതു്. 'കർമ്മല കുസുമ'ത്തിനും അതിൻെറ വായനക്കാക്കും ഈ ശുഭാവസരത്തിൽ മംഗളം ആശംസിക്കുന്നതോടുകൂടി, പ്രസ്തുത തിരുനാളിനേയും, അതിനു ഹേതുഭൂതമായ ഉത്തരീയത്തേയും പററി രണ്ടു വാക്കു പറഞ്ഞുകൊള്ളുന്നു.

വിവിധ ഉത്തരീയങ്ങളിൽ വച്ചു പൂജ്ഞികതാവും പ്രചാരവും കൊണ്ടു പ്രഥമസ്ഥാനത്തെ അർഹിക്കുന്നതു കർമ്മല ഉത്തരീയമാണു്. ഈ ഉത്തരീയം കർമ്മല സഭാ സന്യാസികൾ ക്രിസ്ത്വാബ്ദം നാലാം ശതകത്തിൽപോലും ധരിച്ചിരുന്നതായി ചരിത്ര ലക്ഷ്യങ്ങളുണ്ടു്. എങ്കിലും ഇപ്പോഴത്തെ സ്ഥിതിയിലുള്ള ഈ ഉത്തരീയത്തിൻെറ ഉത്ഭവം ൧൩-ാംശതാബ്ദത്തിലാകുന്നു. ഇതിൻെറ വിസ്മയനീയമായ പ്രചാരത്തിന്നുള്ള മുഖ്യകാരണം പരിശുദ്ധ ദേവമാതാവിൽനിന്നുതന്നെ ഉണ്ടായിട്ടുള്ള രണ്ടു അമൂല്യ വാഗ്ദാനങ്ങളാകുന്നു. ഇവയിൽ ആദ്യത്തേതു ഇംഗ്ലണ്ടിൽ കേംബ്രിഡ്ജ് പട്ടണത്തിൽവച്ചു് ൧൨൫൧ കക്കടകം ൧൬-ാംനു-യത്രേ സംഭവിച്ചതു്. എങ്ങിനെയെന്നാൽ, അന്നു കർമ്മലസഭയുടെ പൊതുശ്രേഷ്ഠനായി ശോഭിച്ചിരുന്ന വി. ശെമോൻസ്റ്റോക്ക് എന്ന ദേഹം വളരെ വിഷമതകളും ഞെരുക്കങ്ങളുമുണ്ടായിരുന്ന ആ കാലഘട്ടത്തിൽ തന്നെയും തൻെറ സഭയേയും കാത്തുപരിപാലിക്കണമെന്നു് തൻെറ സഭയുടെ അലങ്കാരമായ കർമ്മലനാഥയെ നോക്കി അശ്രുധാരകളോടുകൂടെ അപേക്ഷിക്കയിൽ പരിശുദ്ധദൈവജനനി കരങ്ങളിൽ ഒരു കപിലോത്തരീയം പിടിച്ചുകൊണ്ടു് ത



ൻെറ തിരുക്കുമാരനോടുകൂടെ അദ്ദേഹത്തിന്നു പ്രത്യക്ഷയായി, "എൻെറ വാത്സല്യ മകനേ! നിൻെറ സഭയുടെ ഈ ഉത്തരീയത്തെ നീ സ്വീകരിക്ക. ഇതു നിനക്കും കർമ്മലസഭക്കാരേവക്കും വേണ്ടി ഞാൻ അപേക്ഷിച്ചു പ്രാപിച്ചിരിക്കുന്ന ദൈവ വരത്തിൻെറ ഒരു പ്രത്യേക അടയാളമാകുന്നു. ഈ ഉത്തരീയത്തെ ധരിച്ചുകൊണ്ടു മരിക്കുന്നവരിലാരും നിത്യാഗ്നിയിൽ വീഴുകയില്ല. ഇതു രക്ഷയുടെ ചിഹ്നവും, ആപത്തുകളിൽ സങ്കേതവും പ്രത്യേകസമാധാനാദരവുകളുടെ അച്ചാരവുമാകുന്നു" എന്നു അരുളിച്ചെയ്തു. ഈ സംഭവത്തിൻെറ തീയതിയിൽ തന്നെയത്രേ കർമ്മലമാതാവിൻെറ തിരുനാൾ ഇപ്പോൾ കൊണ്ടാടപ്പെട്ടുവരുന്നതു്.

എന്നാൽ ഇത്ര മഹത്തായ ഒരു വാഗ്ദാനംകൊണ്ടു തൻെറ സീമയററ മാതൃസ്നേഹത്തിന്നു പൂർണ്ണതൃപ്തി വന്നില്ലായെന്നു തോന്നുമാറു്, ഈ കർമ്മലനാഥ ൧൦൨്വ

ത്സരങ്ങളുടെ ശേഷം രണ്ടാമത്തെ ഒരു വാഗ്ദാനം കൂടെ ചെയ്വാൻ തിരുമനസ്സായി. എങ്ങിനെയെന്നാൽ, ൧൩൨൨ മാർച്ച ൩-ാംനു-യിലെ ഒരു പ്രത്യേക തിരുവെഴുത്തിൽ പറയപ്പെട്ടിരിക്കുംവണ്ണം പരി. ദൈവജനനി കർമ്മെല സഭാവസ്ത്രധാരണിയായി ൨൨-ാമത്തെ യോഹന്നാൻ മാർപ്പാപ്പാക്കു പ്രത്യക്ഷയായി 'കർമ്മെലസഭയുടെയോ ഉത്തരീയ സഖ്യത്തിൻെറയോ അംഗമായ ഒരാൾ മരിച്ചു ശുദ്ധീകരണ സ്ഥലത്തേക്കു അയക്കപ്പെടുന്നതായാൽ, നിർയ്യാണാനന്തരം പാട്ടപോലെ വേഗത്തിൽ, പ്രത്യേകം അടുത്ത ശനിയാഴ്ച ദിവസം അയാളുടെ ആത്മാവ്, കർമ്മെലനാഥയായ തൻെറ പ്രത്യേക മാദ്ധ്യസ്ഥംമൂലം അവിടെനിന്നും വിമോചിക്കപ്പെട്ടു സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതിന്നിടവരും' എന്നുള്ളതും 'ശനിയാഴ്ച വരം' (Privilegium Sabbatinum) എന്ന അഭിധാനത്തിൽ അതിസാധാരണമായി അറിയപ്പെട്ടിരിക്കുന്നതുമായ ആ അസാമാന്യവരത്തേയും വാഗ്ദാനം ചെയ്തു.

നരകാഗ്നിയിൽവീഴാതിരിപ്പാൻ സഹായിക്കുമെന്നും, ശുദ്ധീകരണ സ്ഥലത്തിൽ നിന്നു ശീഘ്രത്തിൽ വിമോചിക്കപ്പെടുമെന്നുമുള്ള പരിശുദ്ധകന്യകയുടെ ഈ ഇരു അമൂല്യവാഗ്ദാനങ്ങൾ ഹേതുവായിട്ടാകുന്നു, ആദിമകാലം മുതൽ ഏതൽക്കാലപര്യന്തം അനേക മാർപ്പാപ്പാമാരും, ചക്രവർത്തികളും, മെത്രാന്മാരും, രാജാക്കളും, പട്ടക്കാരും പ്രഭുക്കളും, ധനവാന്മാരും, നിർദ്ധനരും, ബാലന്മാരും, വൃദ്ധന്മാരും എന്നുവേണ്ട എല്ലാ സ്ഥിതിയിലും ജീവിതാവസ്ഥയിലുമുള്ള അനവധി വൈദികരും ലൌകികരും ഇതിനെ സോത്സാഹം ആദരിച്ചു ഭക്തിപൂർവ്വം ധരിച്ചുകൊണ്ടുവരുന്നത്. ഈ ഭക്തി ഇപ്പോൾ ലോകത്തിൻെറ നാനാഭാഗങ്ങളിലും പരന്നിരിക്കുന്നു. ഇതുമൂലം നിരവധി നന്മകൾ മനുഷ്യവർഗ്ഗത്തിന്നു കിട്ടിക്കൊണ്ടുമിരിക്കുന്നു.

ഇത്ര ശ്രേഷ്ഠവും ഫലപ്രദവുമായ ഈ കർമ്മെല ഉത്തരീയത്തിൻെറ സ്ഥാപനത്തിലുള്ള മുഖ്യോദ്ദേശ്യം, ഈ തിരുവസ്ത്രത്തെ ധരിച്ചുകൊണ്ടു കർമ്മെലനാഥയായ പരിശുദ്ധ കന്യകമറിയത്തെ വിശേഷവിധിയായി സ്നേഹിച്ച് ഈ അമ്മയുടെനേരെ പരമാർത്ഥഭക്തി തങ്ങളിൽതന്നെയും മറവുള്ളവരിലും ജനിപ്പിക്കുന്നതിന്നായിട്ടു ഏവരും ശ്രമിക്കണമെന്നതാകുന്നു. ഈ വിഷയത്തിലുള്ള ന്യൂനതകളെ പരിഹരിക്കുന്നതിന്നു ഈ മാസത്തിൽ പ്രത്യേകം ശ്രദ്ധിച്ചുകൊണ്ടു നമ്മുടെ അമ്മയുടെ നേർക്കുള്ള സ്നേഹത്തേ നാം പ്രദർശിപ്പിക്കണം.

ഫാദർ ഗ്രീഗോരി സി. ഡി.

## ജഗൽപ്രസിദ്ധമായ ഒരു കഷ്ടാനുഭവം-കഥകളി.

ജർമ്മൻ സാമ്രാജ്യത്തിൻെറ തെക്കേയററത്തുള്ള ഒബെർ അമർഗോ എന്ന ചെറിയ പട്ടണത്തിൽ പത്തു വർഷത്തിൽ ഒരിക്കൽ അതികോലാഹലമായി നടത്തപ്പെടാറുള്ള കഷ്ടാനുഭവം കഥകളിയെപ്പററി നമ്മുടെ നാട്ടിൽ പരക്കെ അറിയപ്പെട്ടിട്ടില്ല. എന്നാൽ യൂറോപ്യൻ ലോകത്തിൽ എവിടെയുമുള്ള ജനങ്ങൾ അത്യുൽക്കണ്ഠാപൂർവ്വം പ്രതിവർഷവും പ്രതീക്ഷിച്ചു കൊണ്ടിരിക്കുന്ന ഒരു സംഭവമാണിത്. ഈ ആട്ടക്കഥയുടെ ഇതിവൃത്തം സാക്ഷാൽ ശ്രീ യേശുക്രിസ്തുവിൻെറ ലോക ജീവിതവും പങ്കപ്പാടും സംബന്ധിച്ചാകയാൽ ഇതു് ലോകമൊട്ടുക്കുള്ള ക്രീസ്ത്വരെ മാത്രമല്ല സകല ക്രീസ്തു ഭക്തന്മാരെയും ആകർഷിക്കുന്നതിൽ അത്ഭുതപ്പെടാനില്ല. എന്നാൽ ഈ കാരണം മാത്രം കൊണ്ടു് ആ കഥകളി ജഗൽപ്രസിദ്ധമാകാൻ നിവൃത്തിയില്ല. അത്തരം "പാസുകളി"കൾ നമ്മുടെ നാട്ടിൽ

തന്നെ കൊച്ചി മുതലായ സ്ഥലങ്ങളിലും ആഘോഷിക്കാറുണ്ടല്ലോ. എന്നാൽ ഒബെർ അമർഗോവിലെ കഥകളിയ്ക്കു പ്രത്യേകമായ ഒരു മഹാത്മ്യമുണ്ട്. ഒന്നാമത്തു അവിടെയുള്ളവർക്ക് ഈ പരിശുദ്ധ നാടകം അഭിനയിക്കുന്നതിൽ ദൈവസിദ്ധമായ ഏതോ ഒരു പ്രത്യേക പ്രാവീണ്യം ഉണ്ടെന്നു പരക്കെ സമ്മതിക്കപ്പെട്ടിരിക്കുന്നു. രണ്ടാമത്തു, മദ്ധ്യകാലങ്ങളിൽ യൂറോപ്പിൽ നടപ്പുണ്ടായിരുന്ന Mystery plays മുതലായ ചില പ്രത്യേകതരം കഥകളി അതു് അനുസ്മരിക്കുന്നു. ഇമ്മാതിരി കളികളിൽ ഇപ്പോൾ നടപ്പുള്ളതു് ഇതൊന്നുമാത്രമാണ്. ഈ കാരണം മൂലം ചരിത്രതല്പരന്മാർക്ക് ഇതോടു് പ്രത്യേക പ്രതിപത്തിയുണ്ട്. ഇതിന്റെ പ്രസിദ്ധിയ്ക്കു് ഇനിയും വേറൊരു കാരണംകൂടി പറയാമെങ്കിൽ, യൂറോപ്പിൽ യാത്രയ്ക്കും യാത്രക്കാർക്കും സൌകൎയ്യമുള്ള വേനൽ മദ്ധ്യത്തിലാണ് ഇതു് ആഘോഷിക്കപ്പെടുന്നതെന്നുകൂടി ഈ ഘട്ടത്തിൽ ചേൎത്തുകാം.

ഒബെർഅമർഗോ ജൎമ്മനിയിൽ ഉൾപ്പെട്ട ബവേറിയാ രാജ്യത്തു് മ്യൂണിക്ക് എന്ന തലസ്ഥാന നഗരത്തിനടുത്തു് സ്ഥിതിചെയ്യുന്നു. ആൽപ്സ് പൎവ്വതത്തോടു ചേൎന്നു കിടക്കുന്ന രമണീയങ്ങളായ അടിക്കുന്നുകളും തരുനിബിഡങ്ങളായ ആരാമങ്ങളും മൂലം ആ പ്രദേശം പ്രകൃതിവിലാസങ്ങളുടെ മൂൎത്തീകരണമായി കരുതപ്പെടുന്നു. ആ ചെറിയ പട്ടണം തന്നെ മൂന്നു വശത്തും കുന്നുകളാൽ ചുറ്റപ്പെട്ട ഒരു ചേതോമോഹനമായ സാനുപ്രദേശത്തു സ്ഥിതിചെയ്യുന്നു. അവിടത്തെ ജനങ്ങൾ മററു ഭാഗങ്ങളിലേപ്പോലെ ലൌകിക പരിഷ്കാരത്തിൽ വളരെ പൊങ്ങിത്തെളിഞ്ഞവരല്ല. അവരുടെ ഗൃഹങ്ങൾ സാധാരണ നാട്ടിൻപുറങ്ങളിൽ കാണുന്ന തരത്തിൽ ഉള്ളവയാണ്. എന്നാൽ അവയിൽ വസിക്കുന്ന ജനങ്ങൾക്ക് പ്രത്യേകമായ ഒരു ഓജസ്സും സുഭഗതയും ഉണ്ട്. അവർ സംതൃപ്തന്മാരും ഭക്തന്മാരും അതിഥിപ്രിയന്മാരും ആണെന്നു സൎവ്വസമ്മതമാണ്. അവിടെയുള്ളമിക്കവരുടെയും തൊഴിൽ മേൽത്തരം ശില്പവേലയാണ്. പുണ്യവാന്മായുടെ പ്രതിമകൾ മററു ഭംഗിവസ്തുക്കൾ മുതലായവ കൊത്തിയുണ്ടാക്കുന്നതിൽ അവിടെയുള്ളവൎക്കു അനിതരസാധാരണമായ സാമൎത്ഥ്യം ഉണ്ട്. എന്നാൽ ഇതിനേക്കാൾ എല്ലാം പ്രധാനമായ അവരുടെ ഒരു ജോലി പത്തുവൎഷത്തിലൊരിക്കൽ പങ്കപ്പാടുകഥ അഭിനയിക്കയാണ്. അതിനു വേണ്ട സകല സാമഗ്രികളും അവർ സമ്പാദിച്ചു വച്ചിട്ടുണ്ട്.

ഈ കഥകളിയുടെ ഉൽഭവം അത്രപുരാതനമല്ല. ഇതു് ആദ്യമായി അരങ്ങേറിയിട്ടു് ഇപ്പോൾ മുന്നൂറു വൎഷത്തിൽ അധികമായിട്ടില്ല. ൧൬൩൩-ൽ ബവേറിയായിൽ നാടടച്ചു് ഒരു ഘോരമായ മഹാമാരി കടന്നുപിടിച്ചു ജനങ്ങളെ കൊന്നൊടുക്കി. ഒബെർഅമർഗോ ഒരു ഗ്രാമത്തിൽ മാത്രം ഈ കഠോരബാധയുണ്ടായില്ല. അവിടെ മാത്രം ജനങ്ങൾ പതിവുപോലുള്ള ജോലികൾ നടത്തിക്കൊണ്ടു കാലയാപനം ചെയ്തു. ഈ മഹാമാരി അവിടെ വരാതിരിക്കുന്നായി ഗ്രാമപ്രമാണികൾ തങ്ങളുടെ ഗ്രാമത്തിനു ചുററും കയറുകെട്ടി ഗതാഗതം തടഞ്ഞു. എന്നാൽ ഒരു രാത്രി സമീപഗ്രാമത്തിൽ വസിച്ചിരുന്ന ഒരാൾക്കു് ഒബെർഅമെർഗോയിലുള്ള തന്റെ സ്വഗൃഹത്തിൽ വരണമെന്നു് ഒരു അത്യാശതോന്നി. അയാളെ മഹാമാരിയും അനുഗമിച്ചു. അയാൾ ആ രോഗത്താൽ മൂന്നു ദിവസത്തിനകം മരണം പ്രാപിക്കയുണ്ടായി. ഉടനെ തന്നെ വ്യാധി പടൎന്നു പിടിച്ചു് നാല്പതുപേരെ അകപ്പെടുത്തി. ഭയവിഹ്വലന്മാരായ ഗ്രാമവാസികൾ ഒന്നിച്ചു ചേൎന്നു യോഗംകൂടി പ്രാൎത്ഥന നടത്തിയെന്നു മാത്രമല്ല പത്തുവൎഷത്തിലൊരിക്കൽ ക്രിസ്തുവിന്റെ ലോകജീവിതത്തെ അടിസ്ഥാനമാക്കി ഭക്തിയേറിയ ഒരു കഥകളി നടത്താമെന്നു് ഒരുനേൎച്ചയും നേൎന്നു. ഈ നേൎച്ചയാണു വിശ്വവിശ്രുതമായിത്തീൎന്നിട്ടുള്ള ഈ ഉത്സവത്തിന്റെ ഉത്ഭവം.

മേൽ വിവരിച്ച മഹോത്സവത്തിനു വേണ്ട ഏൎപ്പാടുകളെല്ലാം അവിടെയുണ്ട്. ആറായിരം കാഴ്ചക്കാരെ ഇരുത്താനുള്ള വലിയ ഒരു നാടകപ്പുരയാണ് അവിടത്തെ ഏററവും വലിയകെട്ടിടം. കഥകളിയിലെ വേഷക്കാർ എട്ടും പത്തും അ

ല്ല, ഏഴുനൂറാണ്. ഈ പട്ടണത്തിൽ ആകെ ൧൯൧൧-ൽ ൧൭൦൦ ജനങ്ങളേയുണ്ടായിരുന്നുള്ളൂ. അതിനാൽ ജനസംഖ്യയിൽ പകുതിയും ഇതിൽ ഭാഗഭാക്കുകളാണെന്നു സിദ്ധം. വിസ്താരമേറിയ സ്റ്റേജിന്മേൽ പീലാത്തോസിൻെറ ന്യായാസനം, ഗദ്സേമ്മനി പൂങ്കാവനം, ഗാഗുൽത്താമല എന്നിങ്ങനെ പ്രത്യേക വിഭാഗങ്ങൾ ഉണ്ടു്. അതിനാൽ അതു് സാധാരണ നമുക്കു് പരിചയമുള്ള നാടകപ്പുരകൾ പോലെയല്ല. ഈ കഥകളി രണ്ടുമൂന്നു മണിക്കൂറുകൊണ്ടു അവസാനിക്കുന്നതല്ല; രാവിലെ എട്ടുമണിക്കു തുടങ്ങി വൈകിട്ടു ആറുമണിയ്ക്കു് അവസാനിക്കുന്നു.

ഈ നാടകാഭിനയത്തിൽ വേഷക്കാരെ തിരിഞ്ഞെടുക്കുന്നതിൽ ഗ്രാമാധികാരികൾ പ്രദർശിപ്പിക്കുന്ന ശ്രദ്ധ അസാമാന്യമാണ്. യേശുവിൻെറയും മറിയത്തിൻെറയും ഭാഗം അഭിനയിക്കാൻ ഇടയാകുന്നതാണ് അവിടത്തെ ജനങ്ങൾക്കു സിദ്ധിക്കാവുന്ന ഏററവും ഉന്നതമായ ബഹുമാനം. യേശുവിൻെറ വേഷം സ്വീകരിക്കുന്ന പുരുഷൻ എല്ലാത്തവണയും അത്ഭുതകരമാംവണ്ണമുള്ള മുഖചൈതന്യവും ചലനവിശേഷവും മൂലം കാഴ്ചക്കാരെ ഒട്ടുക്കു് വിസ്മയിപ്പിച്ചിട്ടുണ്ടു്. ഇതുപോലെതന്നെ മാതാവിൻെറ ഭാഗം എടുക്കുന്നതിലേക്കു പ്രത്യേക രൂപലാവണ്യമുള്ള തരുണിമാർ എല്ലാക്കാലത്തും അവിടെ ഉണ്ടായിരിക്കാറുണ്ടത്രേ.

ഈ മഹോത്സവം കഴിഞ്ഞ തവണ ഘോഷിച്ചതു് ൧൯൧൦-ൽ ആണ്. ൧൯൨൦-ൽ യുദ്ധം മൂലവും യുദ്ധാനന്തരമുള്ള കുഴപ്പങ്ങൾ മൂലവും ഇതു ഘോഷിക്കാൻ സാധിച്ചില്ല. അതിനു പകരം ഇക്കൊല്ലം (൧൯൨൨) അതു ഘോഷിക്കാൻ തീരുമാനിച്ചിരിക്കുന്നു. മേയ്, ജൂൺ, ജൂലൈ എന്നീ മാസങ്ങളിൽ എല്ലാ ആഴ്ചയും ഒരു ദിവസമെങ്കിലും ഈ കളി നടത്തപ്പെടും. ഇത്തവണ യേശുവിൻെറ വേഷം അഭിനയിപ്പാൻ നിശ്ചയിച്ചിട്ടുള്ള "അന്തോൻ ലങ്ങ്" ൧൯൦൦-ൽ എത്രയും വിസ്മയകരമാംവണ്ണം ആ ഭാഗം വഹിച്ചിട്ടുള്ള ദേഹമാണ്. അന്നത്തെ ഭംഗിയേറിയ മറിയം വിവാഹം ചെയ്തുപോയതിനാൽ തുല്യഗുണസംപൂർണ്ണയായ "മത്താ" എന്നൊരു യുവതിയാണ് ഇത്തവണ ആ ഭാഗം വഹിക്കുന്നതു്. എത്രയും നിർമ്മലമായ ജീവിതം കഴിയ്ക്കുന്നവരെ മാത്രമേ വിശേഷിച്ചു ഈ രണ്ടു വേഷത്തിനും സ്വീകരിയ്ക്കുയുള്ളു

ഇത്തവണത്തെ മഹോത്സവം ലോകസമാധാനത്തെ ഉളവാക്കുന്നതാണെന്നു പരക്കെ ഒരാശംസയുള്ളതിനാൽ ജനങ്ങൾ ഇതിനായി അക്ഷമരായി കാത്തുകൊണ്ടിരിക്കുന്നു. ഈ ലേഖകൻ ആഗ്രഹിക്കുന്ന പ്രകാരം ഇതിൽ സംബന്ധിക്കാൻ ഇടയാകുന്ന പക്ഷം "കുസുമ"വായനക്കാരെക്കൂടി അയാൾ ആ കാഴ്ചയിൻ ഭാഗഭാക്കുകളാക്കിത്തീർക്കാൻ ശ്രമിക്കുന്നതാണ്.

പി. ജെ. തോമ്മസ് എം. ഏ.
(ഓണേഴ്സ്)

# സീയന്നായിലെ വിശുദ്ധ കുർബ്ബാന.

൨൬-ാമത്തെ ദിവ്യകാരുണ്യ മഹാസംഘം റോമ്മായിൽ സമ്മേളിക്കുന്ന ഈ ശുഭാവസരത്തിൽ ഇററലിയിൽ നടന്നുകൊണ്ടിരിക്കുന്ന വിശുദ്ധ കുറുബാനയുടെ ഒരത്ഭുത സംഭവം 'കുസുമ'വായനക്കാർക്കു രസാവഹമായിത്തീരുമെന്നു കരുതുന്നു.

൧൭൩൦-മാണ്ടു ആഗസ്ററു ൧൪-നു സീയന്നായിലെ അതിമെത്രാൻ മൊൺസിഞ്ഞോർ സൊൺദദാരി (Mgr. Zondadari) ദേവമാതാവിൻെറ കരേററത്തിരുനാളിൽ സംബന്ധിച്ചു, അന്നത്തെ കാർമ്മികസ്ഥാനം വഹിക്കുന്നതിലേക്കായി വിശുദ്ധ ഫ്രാംസീസ്സ്കോസിൻെറ ദേവാലയത്തോടു ചേർന്നുള്ള സന്യാസാശ്രമത്തിൽ ചെന്നു താമസിച്ചിരുന്നു. തി

രുനാൾദിവസം കാലത്തു വിശ്വാസികൾക്കു കൊടുക്കുന്നതിലേക്കായി സക്രാരിക്കുള്ളിൽ ക്രൂദാശചെയ്യപ്പെട്ട മുന്നൂറിൽപരം പടത്തിഞ്ഞുകൾ നിക്ഷേപിക്കപ്പെട്ടിരിന്നു. പ്രാഭാതത്തിൽ പട്ടക്കാരൻ ദിവ്യകാരുണ്യം നൽകുന്നതിനായി അൾത്താരക്കു സമീപിച്ചപ്പോൾ കണ്ട കാഴ്ച അതിഭയങ്കരമായിരുന്നു. സക്രാരി ബലമായി തുറന്നിരിക്കുന്നു, കുസ്തോദിയും അതിലടങ്ങിയിരുന്ന പടത്തീഞ്ഞുകളും കാണ്മാനില്ല. എല്ലാവരും പരിഭ്രമിച്ചുവശായി. തത്സമയം ദേവാലയത്തിൽ കൂടിയിരുന്നവർ വഴിയായി അല്പസമയത്തിനുള്ളിൽ പട്ടണത്തിലെങ്ങും ഈ സങ്കടവാർത്ത പരസ്യമായി. തിരുനാൾ ദുഃഖകരമായി പകന്നെന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ. അന്വേഷണം മുറക്കു നടത്തിത്തുടങ്ങി. മെത്രാപ്പോലീത്ത തന്നെ മജിസ്ട്രേട്ടിൽ വിവരമറിയിച്ചു തിരക്കിച്ചു. അന്വേഷണങ്ങളുടെ ഫലമായി അന്നുതന്നെ പട്ടണത്തിലെ ഒരു തെരുവീഥിയിൽ കുസ്തോദിയുടെ തിരശ്ശീല കിടന്നു കിട്ടി.

പതിനേഴാം തീയതി കാലത്തു "പ്രൊവൻ സാനോയിലെ" പരിശുദ്ധമറിയത്തിന്റെ ദേവാലയത്തിൽ ദിവ്യപൂജയിൽ സംബന്ധിച്ചുകൊണ്ടിരുന്ന ഒരാൾ അവിടെയുണ്ടായിരുന്ന നേർച്ചപ്പെട്ടിയുടെ ചെറിയ ദ്വാരത്തിൽ കൂടി എന്തൊ വെളുത്തു കാണുകയാൽ സംശയിച്ചു സംകീർത്തിമുറിയിൽ ഉണ്ടായിരുന്ന ഒരുപട്ടക്കാരനെ ഉടനെ വിവരമറിയിച്ചു. അദ്ദേഹം ആ സ്ഥലത്തുചെന്നു സൂക്ഷിച്ചു നോക്കിയപ്പോൾപടത്തീഞ്ഞുകളാണെന്നു മനസ്സിലായി; അന്വേഷിച്ചിരുന്ന വാഴ്ത്തപ്പെട്ട അപ്പങ്ങൾ തന്നെആയിരിക്കുമെന്നു സങ്കല്പിച്ചു കത്തിച്ച സീലികൾകൊണ്ടുവരുന്നതിനായി തൽക്ഷണം ആളയച്ചു. സ്ഥലത്തെ അധികാരിയായ പട്ടക്കാരനേയും അറിയിച്ചു വരുത്തി നേർച്ചപ്പെട്ടി തുറപ്പിച്ചപ്പോൾ പെട്ടിക്കുള്ളിൽ നാണയങ്ങളുടെ കൂട്ടത്തിലായും എട്ടുകാലിവലയുടെ മേലായും കുറെ അധികം പടത്തീഞ്ഞുകൾ കണ്ടെത്തി. ഉടൻ തന്നെ വിശുദ്ധ പ്രംസിസ്സ്കോസിന്റെ ആശ്രമത്തിൽ വിവരമറിയിച്ചു തിരുനാളിന്റെ തലേനാൾ പടത്തീഞ്ഞുകൾ ക്രൂദാശചെയ്ത പട്ടക്കാരനെയും വരുത്തി. പരിശോധിച്ചതിൽ കാണാതെപോയ തിരുഓസ്തികൾ ഇവ തന്നെ എന്നു മനസ്സിലാക്കുകയും ആ ദേവാലയത്തിൽതന്നെ ആദിവ്യമന്നാകളെ പരസ്യാരാധനയ്ക്കായി എഴുന്നെള്ളിച്ചുവയ്ക്കുകയും ചെയ്തു.

പിറേറന്നാൾ മഹാ ആഘോഷപൂർവ്വം ആ വാഴ്ത്തപ്പെട്ട പടത്തീഞ്ഞുകളെ വിശുദ്ധ പ്രംസീസ്സ്കോസിന്റെ ദേവാലയത്തിലേക്കു പ്രദക്ഷിണമായികൊണ്ടുപോയി. ഇന്നുവരെ ആദിവ്യമന്നാകൾ നവീനത കെടാതെയും, അല്പംപോലും ഹാനി ഭവിക്കാതെയും അതിശയകരമായി അവിടെ സൂക്ഷിക്കപ്പെട്ടിരിക്കുന്നു. അനവധി ജനങ്ങൾ സീയന്നായിലെ വിശുദ്ധ പ്രംസീസ്സ്കോസിന്റെ പള്ളി സന്ദർശിച്ചു അവിടെ അത്ഭുതമായി വസിക്കുന്ന ദിവ്യ ഈശോയെ വണങ്ങി ആരാധിച്ചുവരുന്നുണ്ട്. വിശ്വാസികളുടെ അപേക്ഷയനുസരിച്ചു രോഗികൾക്കും മരണാപത്തിലുൾപ്പെട്ടവർക്കും എഴുന്നെള്ളിച്ചുകൊടുത്തിട്ടുള്ളതു നീക്കി ൨൨൩ പടത്തീഞ്ഞുകൾ ഇപ്പോഴുംഅവിടെ ശേഷിച്ചിട്ടുണ്ട്.

രണ്ടു ശതാബ്ദങ്ങളോളം കാലംനിലനിന്നുപോരുന്ന ഈ അത്ഭുത സംഭവം പലവിധ പരിക്ഷകളും നോട്ടങ്ങളും നടത്തിയശേഷവും ഇന്നും അത്ഭുതമായിട്ടു തന്നെശേഷിച്ചിരിക്കുന്നു. ൧൯൧൪–ൽ ലൂർദ്ദിൽവച്ചു നടത്തപ്പെട്ട വിശുദ്ധ കുർബാനയുടെ മഹായോഗത്തിൽ വച്ചു ബ. അൽബെർത്തോ ബെത്തിയർ എന്നദേഹം സീയന്നായിലെ ഈ അതിശയനീയമായ ദിവ്യകാരുണ്യത്തെപ്പററി ഒരു പ്രബന്ധം എഴുതി വായിക്കുകയുണ്ടായി. തദ്വാരാ ഈ ആശ്ചര്യകര സംഭവം ലോകമെങ്ങും അറിയുന്നതിന്നിടയായിട്ടുണ്ട്.

റവ. മാത്യു കടവിൽ.

# മാർ സബറീശൊയും ചെമ്പുപട്ടയവും.

[കഴിഞ്ഞ ഏപ്രിൽലക്കം "കർമ്മലകുസുമ"ത്തിൽ മിസ്റ്ററർ പി. ജെ. തോമ്മസ് എം. ഏ. "ചരിത്രവാദങ്ങൾ" എന്ന തലവാചകത്തിൽ പ്രസിദ്ധീകരിച്ച ലേഖനത്തിലെ വാദങ്ങളെ ഖണ്ഡിക്കാൻവേണ്ടിയും 'മാർത്തോമ്മാക്രിസ്ത്യാനികൾ' എന്ന ഗ്രന്ഥത്തിന്റെ അനുബന്ധമായിട്ടുമാണു മാർ സബറീശൊയും ചെമ്പുപട്ടയവും' എന്നീ ലേഖനം ഞാൻ എഴുതുന്നതു്. സബറീശൊ (ശബറീശൊയല്ല) മെത്രാൻ ചെമ്പുപട്ടയം കൊടുത്തതു ഒൻപതാം നൂററാണ്ടിലാണെന്നും ഒൻപതും പത്തും ശതവർഷങ്ങളിൽ പെരുമാക്കൾ കേരളം ഒട്ടുക്കു ചക്രവർത്തികളായി ഭരിച്ചിരുന്നുവെന്നും മിസ്റ്ററർ തോമ്മസ് തീർത്തുപറയുന്നു. സബറീശൊയും താരിസാപ്പള്ളിയുടെ അധിപന്മാരായ നസ്രാണികളും കേരളീയരല്ലെന്നും പേർഷ്യായിൽ നിന്നൊ മററൊ വന്ന വിദേശിയരാണെന്നും അദ്ദേഹം തീർച്ചയാക്കിയിരിക്കുന്നു. ഈ സംഗതികൾക്കു പ്രധാനരേഖയായി മിസ്റ്ററർ തോമ്മസ് കാണിച്ചുതരുന്നതു ഒക്സഫോർഡിലെ അറബിക്കു പ്രൊഫസർ ആയ ഡാക്ടർ ഡി. മാർഗൊലിയോത്തിനെയാണു. "ഒൻപതാംശതവർഷത്തിൽ കേരളത്തിൽ ഒട്ടുക്കു മേൽകോയ്മയുള്ള ചക്രവർത്തികൾ ഇല്ലായിരുന്നു എന്നു ബ. അച്ചൻ പറയുന്നതു ഏതു ലക്ഷ്യങ്ങളെ അടിസ്ഥാനപ്പെടുത്തി"യാണെന്നു ചോദ്യം ചെയ്തുകൊണ്ടും ഇതു സംബന്ധിച്ച് 'മാർ തോമ്മാക്രിസ്ത്യാനികൾ' എന്ന ഗ്രന്ഥത്തിൽ ഞാൻ ചേർത്തിട്ടുള്ള "രേഖാമൂലമായ പല തെളിവുകളും" ദുർബലപ്പെടുത്തിയിരിക്കുന്നു എന്നും അദ്ദേഹം എഴുതിയിരിക്കുന്നു. സാരമേറിയ ഈ കാര്യത്തിൽ മിസ്റ്ററർ തോമ്മസ് ഇത്ര തീർച്ച പറയുന്നതു ആലോചനയും പരിശോധനയും കൂടാതെയാണെന്നാണു ഞാൻ പറഞ്ഞുകൊള്ളുന്നതു. ഇതു വാദവിഷയമായി പരിണമിക്കാവുന്ന ഒരു കാര്യമാണെന്ന് ഇനിക്കു പണ്ടെ അഭിപ്രായമുണ്ടായിരുന്നു. തന്മൂലം വളരെ പരിശോധനചെയ്തും അനേക ലക്ഷ്യങ്ങളെ എടുത്തു കാണിച്ചുമാണു "മാർതോമ്മാക്രിസ്ത്യാനികൾ" എന്ന ഗ്രന്ഥത്തിൽ ഇതു ഞാൻ ചേർത്തിട്ടുള്ളതെന്നു മനസ്സിരുത്തിവായിച്ചിട്ടുള്ളവർ ഐകകണ്ഠ്യേന സമ്മതിക്കുമെന്നാണു എന്റെ താഴ്മയായ അഭിപ്രായം. അതിനു അവതാരിക എഴുതിയ മിസ്റ്ററർ ജോൺ നിധീരി ബി. ഏ. ബി. എൽ, ഉപോൽഘാതം എഴുതിയ മിസ്റ്ററർ ഐ. സി. ചാക്കോ ബി. എ. ബി. എസ്സ്. സി. എന്നിവരും എന്റെ അഭിപ്രായത്തിൽ യോജിച്ചിട്ടുണ്ടെന്നാണു ഞാൻ വിശ്വസിക്കുന്നതു. ഇത്രയും പറഞ്ഞുകൊണ്ടു ലേഖനവിഷയത്തിലേക്കു പ്രവേശിക്കുന്നു.]

ഫ ഒന്നാമത്തെ ചെമ്പുപട്ടയം ൈര–ല്യം രണ്ടാമത്തെതായ സബറീശൊയുടെതു വ്വര–ല്യം എഴുതപ്പെട്ടതാണെന്നാണു ഡാക്ടർബർണ്ണൽ മുതലായ യൂറോപ്യന്മാരും അവരുടെ അഭിപ്രായത്തെ ആദരിക്കുന്ന നാട്ടുകാരും പ്രസ്താപിക്കുന്നതു. സബറീശൊയുടെ പട്ടയം വ്വര–ൽ തന്നെയാണ് എഴുതപ്പെട്ടതെന്നുള്ള അഭിപ്രായത്തിന്റെ പ്രധാന തെളിവ്, ആ പട്ടയത്തിൽ ചേർത്തിരിക്കുന്ന സാക്ഷികളുടെ പേരുകൾ മാത്രമാണു. പ്രസ്തുത യൂറോപ്യന്മാർ ക്രിസ്തുമതം കേരളത്തിൽ ഉണ്ടായതു തന്നെ ആറൊ ഏഴോ ശതവർഷത്തിൽ ആണെന്നു അഭിപ്രായമുള്ളവരുമാണു. പ്രസ്തുത പേരുകൾ മഹമ്മദൻ പേരുകളും അവ ഒൻപതാം നൂററാണ്ടിനു മുൻപു ഉണ്ടായിരിക്കാൻ സാദ്ധ്യമല്ലെന്നുമാണു അവർ വാദിക്കുന്നതു. എന്നാൽ ഒൻപതും പത്തും ശതവർഷങ്ങളിൽ കേരളത്തിൽ നടന്ന സംഭവങ്ങളെ ആരാഞ്ഞറിഞ്ഞിട്ടുള്ള യോഗ്യന്മാരായ നാട്ടുചരിത്രകാരന്മാർ ഇവരുടെ പ്രസ്തുതവാദം അടിസ്ഥാന രഹിതമാണെന്നു അനിഷേധ്യമായ തെളിവുകൾ സഹിതം സ്ഥാപിക്കുന്നു. ആ തെളിവുകളിൽ പ്രാധാന്യമേറിയ ചിലവയെ താഴെ ചേർക്കുന്നു.

വ്വര–ൽ ആണു സബറീശൊയുടെ പട്ടയം എഴുതപ്പെട്ടതെന്നുള്ള അഭിപ്രായം സമ്മതിച്ചാൽ ആ പട്ടയത്തിൽ പറയുന്ന കാര്യങ്ങൾ തന്നെ ആ അഭിപ്രായത്തിനു പ്രതികൂലങ്ങളായ സാക്ഷിക

ളായി നിൽക്കുന്നു. പട്ടയത്തിൽ പറയുന്ന ഒന്നാമത്തെ കാര്യം സ്ഥാണുരവിഗുപ്തചക്രവർത്തിയുടെ അനുമതിയോടെയാണു അതു കൊടുക്കപ്പെട്ടതെന്നാകുന്നു. ഇതിൻപ്രകാരം 'കൊല്ലവർഷം ഏർപ്പെടുത്തിയതു ആ ചക്രവർത്തിയാണെന്നു സമ്മതിക്കേണ്ടിവരും എന്നാൽ ആ കാലത്തു കേരളം ഒട്ടുക്കു രാജ്യഭാരം ചെയ്തിരുന്ന ഒരു ചക്രവർത്തിയുണ്ടായിരുന്നില്ല. അതാണു വേണാട്ടുരാജാവായ (തിരുവിതാംകൂർരാജാവു) ഉദയമാർത്താണ്ഡവർമ്മ 'കൊല്ലവർഷം' ഏർപ്പെടുത്തിയതു. ഇദ്ദേഹം കേരളത്തിലെ മഹാവിദ്വാന്മാരെ കൊല്ലത്തു വിളിച്ചുകൂട്ടി 'കൊല്ലവർഷം ഏർപ്പെടുത്തി. അതുവരെ കേരളത്തിൽ ഉപയോഗിച്ചിരുന്നതു ദിനസംഖ്യകണക്കാക്കി കലിവർഷമായിരുന്നു. നൂതനവർഷം ആരംഭിച്ചതു പരല്പേറിൻപ്രകാരം കല്യബ്ദം ൧൪൩൪൧൬൦-ാം ദിനമായിരുന്നു. ശ്രീശങ്കരാചാര്യർ കൊല്ലവർഷത്തിന്റെ ആരംഭത്തിലാണു ജീവിച്ചിരുന്നതു. അദ്ദേഹം കേരളത്തിൽ അനേകം നൂതനാചാരങ്ങൾ നടപ്പിൽ വരുത്തീട്ടുള്ളതാണു. അതിന്റെ പ്രചാരപരിമാണം പ്രമാണിച്ചു തെക്കേ മലയാളത്തിൽ ചിങ്ങം മുതൽക്കും വടക്കേമലയാളത്തിൽ കന്നി മുതൽക്കും തിരുനൽവേലി മുതലായ പ്രദേശങ്ങളിൽ കർക്കടകം മുതൽക്കുമാണു കൊല്ലവർഷം ആരംഭിക്കുന്നതു്. ഈ കാലത്തു കേരളം ഒട്ടുക്കു മേൽകോയ്മയുള്ള സ്ഥാണുരവിഗുപ്തചക്രവർത്തിയോ അദ്ദേഹത്തിന്റെ പിൻഗാമിയോ ഉണ്ടായിരുന്നെങ്കിൽ കൊല്ലവർഷത്തിന്റെ ഉൽപത്തിക്കു തിരുവിതാംകൂർ രാജാവു ഹേതുഭൂതനാകുന്നതിനും അവിടവിടെ ഭിന്നകാലങ്ങളിലായി അതുനടപ്പിൽ വരുന്നതിനും ഒരിക്കലും സംഗതി വരുന്നതല്ലായിരുന്നു.

പട്ടയത്തിൽ പറയുന്ന വേറൊരു കാര്യം വേണാട്ടു (തിരുവിതാംകൂർ) രാജാവു അയ്യൻ അടികൾ ആയിരുന്നു എന്നാണല്ലോ. എന്നാൽ അക്കാലത്തു, അതായതു ൮൪൯-ൽ വേണാട്ടുരാജ്യത്തു അയ്യൻ അടികൾ എന്നൊരു രാജാവു ഉണ്ടായിരുന്നില്ലെന്നും അന്നത്തെ രാജാവു ഉദയമാർത്താണ്ഡവർമ്മ ആയിരുന്നു എന്നും മേൽ നാം കണ്ടതിൽ നിന്നു തന്നേ തെളിവാകുന്നു. പട്ടയത്തിൽ പിന്നെ പറഞ്ഞു കാണുന്നതു് കൊല്ലത്തെ താരീസാപ്പള്ളി പണി കഴിപ്പിച്ചതു ഈശോദാസവിരായി എന്നൊരു നസ്രാണി ആണെന്നാകുന്നു. ഈ പേരു വിദേശിയനാമം അല്ലെന്നും നാട്ടുകാരനായ ഒരു നസ്രാണിയുടെ പേർ ആണെന്നും വിധിക്കുന്നതിനു അധികം ആലോചനയും അന്വേഷണവും വേണ്ടിവരികയില്ലെന്നു ഞാൻ കരുതുന്നു. പട്ടയത്തിൽ പറയുന്ന നാലാമത്തെ കാര്യം കുരക്കേണികൊല്ലത്തെ താരിസാപള്ളി എന്നാണല്ലോ. ആദ്യ ശതവർഷങ്ങളിൽ കൊല്ലം നഗരത്തിനു 'കുരക്കേണികൊല്ലം' എന്നപേർ ഉണ്ടായിരുന്നതായി കാണാമെങ്കിലും ഒൻപതാം ശതവർഷത്തിൽ ആ പേർ നടപ്പിൽ ഇരുന്നതായി കാണുന്നില്ല. പട്ടയത്തിൽ പറയുന്ന അഞ്ചാമത്തെ സംഗതി സബറീശോയുടെ ബന്ധുമിത്രാദികൾക്കു പോലും അദ്ദേഹം പള്ളിക്കു ദാനം ചെയ്ത ഭൂമിയിൽ യാതൊന്നും പ്രവർത്തിക്കുന്നതിനു അധികാരമില്ലെന്നാണു. ഇതിൽ നിന്നു സ്പഷ്ടമായി നാം ഗ്രഹിക്കുന്നതു അദ്ദേഹം ഒരു നാട്ടുമെത്രാനാണെന്നും വിദേശിയനല്ലെന്നുമാണല്ലോ. ഈവിധം പട്ടയത്തിൽ പറയുന്ന പല സംഗതികളും, അതു എഴുതപ്പെട്ടതു ഒൻപതാംശതവർഷത്തിൽ അല്ലെന്നു കാണിക്കുന്നവയാണു്.

2. യൂറോപ്യന്മാരിൽ നാട്ടു ചരിത്രത്തിൽ പാണ്ഡിത്യമുള്ളവർ പ്രസ്തുത പട്ടയം ഒമ്പതാം ശതവർഷത്തിൽ എഴുതപ്പെട്ടതാണെന്നുള്ള അഭിപ്രായം സ്വീകരിക്കുന്നില്ല. ഡാക്ടർ പ്രാൻസീസ് ഡെയ് തന്റെ 'പെരുമാക്കളുടെ നാട്ട്' എന്ന ഗ്രന്ഥത്തിൽ അതു എഴുതപ്പെട്ടതു എട്ടും ഒമ്പതും ശതവർഷത്തിൽ അല്ലെന്നും അതിനുവളരെ മുമ്പാണെന്നുമാണ് പ്രസ്താവിക്കുന്നതു്. എട്ടും ഒമ്പതും ശതവർഷങ്ങളിൽ വട്ടെഴുത്തു ലിപികളുടെ ഉപയോഗം ശൂന്യമായി പോവുകയും തൽസ്ഥാനത്തു കോലെഴുത്തു അക്ഷരങ്ങൾ പെരുമാറി വരികയും ചെയ്തു. ഈ ശതാബ്ദങ്ങളിലെ ഭാഷാരീതിയും വാക്യരച

നയും കൊടുന്തമഴിൽനിന്നും കുറഞ്ഞോന്ന് പരിഷ്കരിക്കപ്പെടുകയുണ്ടായിട്ടുണ്ട്. 'കൊല്ലവർഷം' ആരംഭിച്ചിട്ടു അഞ്ചുദിവസങ്ങൾ കഴിഞ്ഞ് എഴുതപ്പെട്ടതായ ഒരു ഗ്രന്ഥവരി ഇപ്പോൾ അനന്തശയനക്ഷേത്രത്തിൽ കാണപ്പെടുന്നുണ്ടു. എട്ടും ഒൻപതും നൂററാണ്ടുകളിൽ കേരളത്തിൽ നാട്ടുമെത്രാന്മർ ഉണ്ടായിരുന്നില്ലെന്നും വൈദേശിക മെത്രാന്മാരാണ് കേരളസഭയെ ഭരിച്ചിരുന്നതെന്നുമുള്ളതു ചരിത്രപ്രസിദ്ധമായ ഒരു സംഗതിയാണ്. എന്നാൽ സബറീശോയാകട്ടെ നാട്ടുരാജാക്കന്മാർക്കും നാട്ടിലുള്ള നാനാജാതിമതസ്ഥന്മാർക്കും അക്കാലത്തുള്ള നാട്ടുഭാഷയിലും അത്യന്തം പരിചിതനായിരുന്നു എന്നുള്ളതിലെയ്ക്കു അദ്ദേഹത്തിൻെറ ചെമ്പുപട്ടയത്തിൻെറ പല ഭാഗങ്ങളും പ്രബലമായ തെളിവുകളാണ്. മലങ്കര സഭാ ചരിത്രം എഴുതിട്ടുള്ള നാട്ടുകാരും യൂറോപ്യന്മാരുമായ എല്ലാ എഴുത്തുകാരും മലങ്കരയിൽ വന്നിട്ടുള്ള വിദേശിയരായ മെത്രാന്മർ ആരെല്ലാമാണെന്ന് തങ്ങളുടെ ഗ്രന്ഥത്തിൽ പറയുന്നുണ്ടു. ക്നായ് തൊമ്മൻ വന്നതിനുശേഷം മലങ്കരയ്ക്കു വന്നിട്ടുള്ള വിദേശമെത്രാന്മാരുടെ പട്ടികയിൽ ഒന്നാമതായി അവർ കാണിക്കുന്നതു മാർ ശാബോർ, മാർ പ്രോത്തു എന്ന മെത്രാന്മാരെയാണ്. ഇവർ ഒമ്പതാംശതവർഷത്തിൽ വന്നവരാണെന്നു ഐകകണ്ഠ്യേന സമ്മതിക്കയും ചെയ്യുന്നു. സബറീശോയുടെ ചെമ്പേട്ട ഒമ്പതാം നൂററാണ്ടിലാണ് എഴുതപ്പെട്ടതെന്നു പറയുന്നവർ, പുണ്യവാനായി ഗണിക്കപ്പെടുന്ന ശാബോർ മെത്രാപ്പോലീത്തായാണ് അതിൻെറ ഹേതുഭൂതൻ എന്നത്രേ അഭിപ്രായപ്പെടുന്നതു്. "ഒമ്പതാം ശതവർഷത്തിൽ പുണ്യവാനായി മരിച്ച ആ വി. മെത്രാനെ മൂന്നാംനൂററാണ്ടിലേക്കു തള്ളിയിടുന്നു" എന്നു മിസ്റ്റർതോമ്മസ് വാദിക്കുന്നു. ഇതിൻെറ അർത്ഥം എന്തു്? സബറീശോ എന്നൊരാളിൻെറപേർ അവർ വിദേശമെത്രാന്മാരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നില്ല. ശങ്കരൻ ഇരവി ശ്രീ എന്ന രാജാവു വേണാട്ടുരാജ്യം വാണിരുന്ന കാലത്തു ശാബോർ [illegible] മെത്രാപ്പോലീത്താ അദ്ദേഹത്തോടു 'പല സ്ഥാനമാനങ്ങളും പദവികളും വാങ്ങീട്ടുള്ളതും അതിലേക്കു ചെമ്പേടുകൾ ലഭിച്ചിട്ടുള്ളതുമാണ്. (+) എന്നാൽ ആ ചെമ്പേടുകൾ ഇപ്പോൾ കാണ്മാനില്ലെങ്കിലും ഉദയംപേരൂർ സൂനഹദോസിൻെറ കാലത്തു അവ ഉണ്ടായിരുന്നതും മെനേസീസ് മെത്രാപ്പോലീത്തായെ കാണിച്ചുകൊടുത്തിട്ടുള്ളതുമാണ്.

ഇബ്രാഹിം, മൈമൂൻ, മഹമ്മദു ആലി ഇസമയേൽ, ഇബ്ബൽഈസാ, യാക്കൂബ് ഇത്യാദി നാമങ്ങൾ ഉള്ള പതിനൊന്നു അറബി സാക്ഷികൾ ചെമ്പുപട്ടയത്തിൽ കാണുന്നതിനാൽ ഇവ മഹമ്മദീയ പേരുകൾ ആണെന്നും തൻമൂലം ചെമ്പുപട്ടയം ഒമ്പതൊ പത്തൊ ശതവർഷങ്ങളിലല്ലാതെ അതിനുമുമ്പ്, എന്നു വെച്ചാൽ മഹമ്മദുമതം ഉണ്ടായ ഏഴാം ശതവർഷത്തിനുമുമ്പ് അതു ഒരിക്കലും എഴുതപ്പെട്ടതെന്ന് ഗണിക്കാൻ സാദ്ധ്യമല്ലെന്നും "I should naturally state these documents in the 9th or 10th century" ഡാക്ടർ മാർഗൊലേത്തു അഭിപ്രായപ്പെടുന്നതിനെപ്പററിയാണല്ലൊ നമുക്കു ഇവിടെ ഇനി ആലോചിക്കാനുള്ളതു. യൂറോപ്പിലെ കലാശാലകളിലെ പ്രൊഫസർമാരുടെ അഭിപ്രായം പ്രഥമദൃഷ്ടിയിൽ കുറെ വിലപിടിച്ചതായിട്ടാണല്ലൊ ആളുകൾ സാധാരണ കരുതുന്നതു. കാരണം അവരുടെ പാണ്ഡിത്യംതന്നെ. എന്നാൽ രണ്ടുകണ്ണുമടച്ചുകൊണ്ടു അവരുടെ അഭിപ്രായം സ്വീകരിക്കുന്നതിനുമുമ്പ് അവർപറയുന്ന തെളിവുകൾ എന്താണെന്ന് നോക്കേണ്ടതു നമ്മുടെ ചുമതലയാണ്. പട്ടയത്തിൽ അടങ്ങിയിരിക്കുന്നകാര്യങ്ങളും നാട്ടിലെ ചരിത്രസംഭവങ്ങളും ഡാക്ടർ മാർഗൊലേത്തു പരിശോധിച്ചിട്ടില്ലെന്നും പട്ടയത്തിലെ ചില അക്ഷരങ്ങളും സാക്ഷികളും മാത്രമാണ് അദ്ദേഹത്തിൻെറ അഭിപ്രായത്തിൻെറ ആധാരമെന്നും അദ്ദേഹംതന്നെ സമ്മതിച്ചാണല്ലൊ അഭിപ്രായം പ്രസ്താവിക്കുന്ന

---

(+) ചില ചെമ്പേടുകൾ പോർട്ടുഗലിൽ ഇരിപ്പുള്ളതായി സൂക്ഷ്മമായി അറിവു കിട്ടിയിരിക്കുന്നു. അവ ലഭിച്ചാൽ പല ചരിത്രരേഖകൾ കിട്ടുന്നതും തൻമൂലം പല തർക്കങ്ങൾ തീരുന്നതുമാണ്. ശ്രമിച്ചുനോക്കുന്നുണ്ട്.

ു. സുലെമ്മാൻമൂസാസാബാഗ, എന്നും ഇബ്രാഹിം ആദായിഷെർ എന്നും രണ്ടു പേരുകൾകൂടി പട്ടയത്തിലെ പതിനൊന്നു സാക്ഷികളുടെ കൂട്ടത്തിൽ ചേർത്തു് ഈ രണ്ടു പേരുകാരേപ്പററിയും ഡോക്ടറിന്റെ അഭിപ്രായം നാം ചോദിക്കയാണെങ്കിൽ തീർച്ചയായും ഇവർ രണ്ടാളും പേർഷ്യായിലേയോ അറേബ്യായിലേയോ മഹമ്മദീയരാണെന്നു അദ്ദേഹം നമുക്കു മറുപടി തരും. എന്നാൽ ഇവരുടെ ചരിത്രം അദ്ദേഹം അറിയുന്ന മാത്രയിൽ ഡോക്ടർ ഡേ (Day) അവർകളെ അനുഗമിച്ചു് ഇവർ മെസോപ്പോട്ടേമ്യായിലെ അമീദായിലെയും സീററ്റിലെയും രണ്ടു കൽദായ ആർച്ചു്ബിഷോപ്പന്മാരാണെന്നു അദ്ദേഹം തീർച്ചപ്പെടുത്തി നമ്മെ അറിയിച്ചുതരുന്നതാണു്. പിന്നെയും, മഹമ്മദു എന്ന പേരു അറബിരാജ്യത്തു ആദ്യമായി ഉണ്ടായതു് മഹമ്മദു മതസ്ഥാപകനായ മഹമ്മദിന്റെ ജനനത്തിനുശേഷം മാത്രമാണോ എന്നും അതിനുമുമ്പു ഇരിക്കയും ആ പേർ ആ രാജ്യത്തു ഉണ്ടായിരുന്നില്ലയോ എന്നുംകൂടി ഡോക്ടർമാർഗൊലേത്തിനോടു നാം ചോദിച്ചാൽ ചരിത്രപരിശോധന ചെയ്തുകൊണ്ടു അങ്ങിനെയുള്ള ഒരു നാമം ആ രാജ്യത്തുണ്ടായിരുന്നെന്നും അതാണു് ആ നാമം ജനനത്തിൽ മഹമ്മദിനു ലഭിക്കാൻ ഇടയായതെന്നും മഹമ്മദുമതത്തിനുശേഷമേ ആ പേർ അറേബ്യായിൽ ഉണ്ടായിട്ടുള്ളു എന്നു തീർച്ചയാക്കുന്നതു ചരിത്രപ്പിശകാണെന്നും നമ്മുടെ ഡോക്ടർ തന്നെ നമ്മേ ഗ്രഹിപ്പിച്ചുതരുന്നതാണു്.

കടശി തരിസാ ക്രിസ്ത്യാനികളേക്കുറിച്ചു രണ്ടുവാക്കു പറഞ്ഞു ഈ ലേഖനം അവസാനിപ്പിക്കാം. തരിസാക്രിസ്ത്യാനികൾ ഇൻഡ്യയിലും ചീനത്തും പേർഷ്യയിലും ആദ്യശതവർഷങ്ങളിൽ ഉണ്ടായിരുന്നു. തരിസാ എന്ന സുറിയാനിപദത്തിന്റെ അർത്ഥം ഓർത്തഡോക്ക്സ് (Orthodox) എന്ന ഗ്രീക്കുപദത്തോടു ശരിയായി ഒക്കുന്നതാണു്. സ്വരൂപവണക്കത്തിനു വിരോധമായ പതിതബോധനം ഉണ്ടായ ൭൨൭-ലെ നിക്ക്യായിലെ രണ്ടാമത്തെ സൂനഹദോസിന്റെ കാലത്തു ഗ്രീക്കുസഭയിൽ ആ വണക്കത്തെ ആദരിച്ചിരുന്ന കത്തോലിക്കർക്കു ഒർത്തഡോക്ക്സ് (Orthodox) എന്നും ആ പതിതബോധനം പിഞ്ചെന്നവർക്കു ഹെററിറോഡോക്ക്സ് (Heterodox) എന്നും പേരുണ്ടായി. അതുപോലെ ഏതോ ഒരു പതിതബോധനം പേർഷ്യാമഹാരാജ്യത്തു ഉണ്ടായ കാലത്തു സത്യക്രിസ്ത്യാനികൾക്കു ലഭിച്ച പേരാണു് തരിസാ എന്നതു്. ഒരു പക്ഷേ രണ്ടാംനൂററാണ്ടിൽ തസ്യാൻ, ബർദെയ്സാൻ എന്നിവരുടെ കാലത്തു ഈ പേർ ഉത്ഭവിച്ചതായിരിക്കാം. എങ്കിലും കൂടുതൽ തെളിവുകൾ സ്ഥാപിച്ചു തീർച്ചയാക്കേണ്ട ഒരു സംഗതിയാണിതു്.

ഫാദർ ബെർണ്ണാർഡ് സി. ഡി.

## മാർപ്പാപ്പായുടെ രാഷ്ട്രിയാധികാരം

### II.

പരിശുദ്ധ സിംഹാസനത്തിൽ നിന്നു് ഏതെല്ലാം വിധത്തിലുള്ള രാഷ്ട്രിയാധികാരങ്ങൾ മദ്ധ്യശതാബ്ദങ്ങളിൽ നിർവ്വഹിച്ചുപോന്നുവെന്നും ആ അധികാര നിർവ്വഹണംകൊണ്ടു് യൂറോപ്പിൻ സമാധാനൈശ്വര്യങ്ങൾ ക്രമപ്രവൃദ്ധമായി തീരുന്നതിനു് പ. സിംഹാസനം എത്രമാത്രം സഹായിച്ചുവെന്നും ഇനി അല്പം പ്രസ്താവിക്കാം. മദ്ധ്യശത വർഷങ്ങളിൽ യൂറോപ്യൻ ജനസമുദായം ഏകകുടുംബമെന്നപോലെയാണു് സ്ഥിതിചെയ്തിരുന്നതെന്നു് മുൻപു് പറഞ്ഞിട്ടുണ്ടല്ലോ. ആ കുടുംബത്തിലെ പിതാവായി പരിലസിച്ചിരുന്നതു മാർപ്പാപ്പാ ആയിരുന്നു. ആ കുടുംബ

ത്തിലുൾപ്പെട്ടവിവിധാംഗങ്ങളും അവരുടെ പ്രവൃത്തികളിൽ പ. പിതാവിൻെറ നിയന്ത്രണത്തെ അപേക്ഷിക്കയും, അദ്ദേഹം അവരുടെ യാചനയെ സകരുണം സ്വീകരിക്കയും ചെയ്തിരുന്നു. ഓരോരോ വിഷമ ഘട്ടങ്ങളിൽ അവർ പരസ്പരം 'കടിപിടി' കൂട്ടുന്നതിനു ഹേതുവായേക്കാവുന്ന വിഷയങ്ങളെ വേരോടെ വിധ്വംസനം ചെയ്തു്, ഫലപ്രദങ്ങളായ സാരോപദേശങ്ങളേയും ശാസനകളേയും അവസരോചിതമായി നൽകി, ഏവരുടേയും അകൈതവമായ സ്നേഹബഹുമാനാദരങ്ങൾക്കു പാത്രീഭവിച്ചു് സമാധാന സംരക്ഷകൻ എന്ന നിലയിൽആണ് പ. പിതാവു് പ്രധാനമായി പ്രവൎത്തിച്ചിരുന്നതു്. അതിനാൽ ഈ സംരക്ഷാധികാരത്തെപ്പററി പ്രഥമമായി പരിഗണിക്കാം.

മദ്ധ്യശതാബ്ദങ്ങളിലെ യൂറോപ്യൻ ജനതതി മാപ്പാപ്പായെ നീതിയുടേയും ന്യായത്തിൻേറയും ഉത്തമപാലകനായി നിശ്ശങ്കം വിശ്വസിച്ചിരുന്നു. പീഡിതരും അനാഥരുമായ സകലരുടേയും സാക്ഷാൽ പിതാവെന്ന നിലയിൽ മാപ്പാപ്പാ അവൎക്കു പ്രത്യക്ഷനായിരുന്നു. ഏതെങ്കിലും വിധത്തിൽ കഷ്ടത അനുഭവിക്കുന്നതിനോ വല്ല കുടിലമതികളുടെ ദുർവ്യാപാരത്തിനു് അടിമപ്പെടുന്നതിനോ സംഗതിആയവരെല്ലാം പ. പിതാവിൻെറ സന്നിധിയിൽ ആശ്രയവും ആശ്വാസവും കണ്ടെത്തി. അതിനാൽ 'വാശിയും വഴക്കും' ഉണ്ടാകാതിരിക്കുന്നതിനു വേണ്ടി, രാജാക്കന്മാരും പ്രഭുക്കന്മാരും രാഷ്ട്രീയമായ അവരുടെ പല പ്രവൃത്തികളേയും സംബന്ധിച്ചുള്ള അംഗീകാരകൎത്തൃത്വം നീതിജ്ഞനും ന്യായ പരിപാലകനും ആയ മാപ്പാപ്പായുടെ പക്കൽ സമൎപ്പിച്ചതിൽ അത്ഭുതപ്പെടുവാനില്ലല്ലോ. നിയമങ്ങൾ ഏൎപ്പെടുത്തുക, ഉടമ്പടികൾ എഴുതുക, രാജ്യാതിൎത്തികൾ നിൎണ്ണയിക്കുക, മുതലായ രാഷ്ട്രീയ കാൎയ്യങ്ങളിൽ മാപ്പാപ്പായുടെ അംഗീകാരത്തെ അവർ അവസാന ശുഭമുദ്രയായി കരുതുകയും, ആ അംഗീകാരസിദ്ധിക്കുവേണ്ടി സാദരം അപേക്ഷിക്കുയും ചെയ്തിരുന്നു. പ. സിംഹാസനത്തിൽ നിന്നു് ഈദൃശകാൎയ്യങ്ങളിൽ ഏവൎക്കും സന്തോഷാവഹമായ വിധത്തിലും എല്ലാവരുടേയും ക്രമമായ സ്വാതന്ത്ര്യാവകാശങ്ങളെ സംരക്ഷിക്കത്തക്കവണ്ണവും സ്വധൎമ്മത്തെ നിൎവ്വഹിച്ചിട്ടുണ്ടു്.

പ. സിംഹാസനം നീതിയുടേയും സത്യത്തിൻേറയും സങ്കേതസ്ഥാനമെന്നു് വിശ്വസിക്കപ്പെട്ടിരുന്നതു പോലെതന്നെ അവിടത്തെ സംരക്ഷണയ്ക്കധീനമാകുന്നതുകൊണ്ടു് ഒരു പവിത്രതയുണ്ടെന്നു് സങ്കല്പിക്കപ്പെട്ടിരുന്നു. ആ സംരക്ഷണയിൽ വൎത്തിച്ചിരുന്ന ഒരു രാജ്യത്തെ ആക്രമിക്കുന്നതിനോ, ഒരു ജനത്തെ ഉപദ്രവിക്കുന്നതിനോ, ഇതരന്മാർ ധൈൎയ്യപ്പെട്ടിരുന്നില്ല. തന്നിമിത്തം പലപ്പോഴും വിശിഷ്യ, മദോന്മത്തരായ ജനസമൂഹങ്ങളിൽ നിന്നു് ആക്രമണമുണ്ടാകുമെന്നു് ഭയപ്പെട്ടിരുന്നപ്പോൾ, പല രാജാക്കന്മാരും പ്രഭുക്കന്മാരും അവരുടെ രാജ്യങ്ങളേയും അവരെത്തന്നേയും പ. സിംഹാസനത്തിൻെറ സംരക്ഷയ്ക്കായി സമൎപ്പിച്ചിട്ടുണ്ടു്. ഇപ്രകാരം, മതസംബന്ധമായി സൎവ്വ ക്രിസ്തീയ രാജ്യങ്ങളും പ. സിംഹാസനത്തിനു് അധീനമായിരുന്നതു കൂടാതെ, ചില പ്രത്യേക രാജ്യങ്ങൾ പ്രത്യേക കാരണവശാൽ മാപ്പാപ്പായുടെ അധികാരത്തിൻകീഴ് ചേരുകയുണ്ടായി. ഇംഗ്ലണ്ടു്, ഡെൻമാൎക്കു്, ബൊഹേമിയാ, കാസ്റ്റയിൽ, അറാഗൺ, നേപ്പിൾസു, സിസിലി, മുതലായ രാജ്യങ്ങൾ മേൽപ്രകാരം മാപ്പാപ്പായിക്കു വിധേയമായിരുന്നിട്ടുള്ളതാണ്.

ഏതൽസംഗതിയിൽ മാപ്പാപ്പാമാർ അഗാധമായ രാഷ്ട്രീയതന്ത്രം പ്രയോഗിച്ചു എന്നു പറയുന്നതു ശരിയല്ല. ജനങ്ങളുടെ മതതീക്ഷ്ണതകൊണ്ടും ഭരണകൎത്താക്കളുടെ ആകാംക്ഷനിമിത്തവും, പുറമേ നിന്നുള്ള ആപൽഭയംമൂലവും കാൎയ്യങ്ങൾ മേൽപ്രസ്താവിച്ചവണ്ണം താനേ വന്നുചേൎന്നു എന്നുള്ളതാണ് വാസ്തവം. ഇങ്ങനെ കാലാചാരസ്ഥിതിയും സൎവ്വസമ്മതിയും അനുസരിച്ചു മാപ്പാപ്പാക്കു പല രാഷ്ട്രീയാവകാശങ്ങളും തൽഫലമായ മേൽകോയ്മയും ലഭിക്കയുണ്ടായി. ഇതിൻപ്രകാരം മാപ്പാപ്പാ ചെയ്തിട്ടുള്ള അധികാരപ്രയോഗങ്ങൾ വളരെ പ്രബലവും ഫലവത്തുമായിരുന്നു. അതുകളെ രാജാക്കന്മാരും പ്രജകളും സവിനയം അനുസരിച്ചു പ്രവൎത്തിച്ചുപോന്നു. അതുകൾക്കു, അധ്യ

നികകാലത്തു ലോകത്തിലെ വിവിധരാജ്യക്കാരെല്ലാംകൂടി കോൺഫറൻസ് ചേൎന്നു ചെയ്യുന്ന ഉടമ്പടികളെക്കാൾ ശക്തിയും പ്രശസ്തിയും ഉണ്ടായിരുന്നു എന്നുള്ളതു നിൎവ്വിവാദമാണ്. മാൎപ്പാപ്പായുടെ ധാൎമ്മികമായ പ്രസ്തുത അധികാരപ്രയോഗം യൂറോപ്പിന്റെ സമാധാനൈശ്വൎയ്യങ്ങൾക്കു വളരെ സഹായകമായിരുന്നു. അവിടത്തെ ഫലപ്രദമായ മാദ്ധ്യസ്ഥംമൂലം മദ്ധ്യശതാബ്ദങ്ങളിൽ പല നാശകരസമരങ്ങൾപോലും നിവാരണം ചെയ്യപ്പെട്ടിട്ടുണ്ട്.

പരിശുദ്ധ സിംഹാസനത്തിന്റെ സംരക്ഷാധികാരം മൂലം യൂറോപ്പിനു അമൂല്യമായ ഗുണങ്ങളുണ്ടായിട്ടുണ്ടെന്ന് ഇപ്പോൾ ഏറെക്കുറെ വിശദമായിരിക്കുമല്ലോ. പ്രസ്തുതാധികാരത്തിന്റെ പ്രാധാന്യവും അതിൽ നിന്ന് ഉൽഭൂതമായിട്ടുള്ള ഗുണഗണങ്ങളുടെ മഹത്വവും നിൎമ്മത്സരബുദ്ധികളായ ഏവൎക്കും പ്രത്യക്ഷമാണ്. യൂറോപ്പിന്റെ ആധുനികസ്ഥിതിയും മദ്ധ്യശതാബ്ദങ്ങളിലെസ്ഥിതിയുംതമ്മിലുള്ള അന്തരം വിവേകപൂൎവ്വം പരിശോധിക്കുന്ന ആൎക്കും ഇതു മനസ്സിലാക്കാൻ വലിയ വൈഷമ്യം ഉണ്ടാകുന്നതല്ല. ദുസ്സ്വാതന്ത്ര്യത്തിരത്തള്ളൽകൊണ്ടും, അധികാര ധിക്കാരം കൊണ്ടും, സ്വാൎത്ഥലാഭോന്മാദംകൊണ്ടും, യൂറോപ്പിന്റെ സാമുദായികമായും രാഷ്ട്രീയമായുമുള്ള സംഘടനസ്സും സൗഹാൎദ്ദത്തിനും നേരിട്ടിരിക്കുന്ന സാരമായ വൈകല്യത്തെ പരിഹരിക്കുവാൻ പൎയ്യാപ്തമായ ഭേഷജം കണ്ടുപിടിക്കുന്നതിനു് ഇപ്പോൾ അകത്തോലിക്കരായ ഗ്രന്ഥകാരന്മാർപോലും മദ്ധ്യശതാബ്ദങ്ങളിലേക്കാണ് അവരുടെ ദൃഷ്ടികളെ തിരിക്കുന്നതെന്നുള്ളതു് ഈ അവസരത്തിൽ പ്രസ്താവയോഗ്യമാണ്.

കെ. സി. വൎക്കി ബി. ഏ.

## തിരുവിതാംകൂർ നിയമനിൎമ്മാണസഭയും വേദപ്രചാരവും. *

ഈ തലക്കെട്ടു കാണുമ്പോൾ തന്നെ തിരുവിതാംകൂറിലെ നിയമനിൎമ്മാണ സഭയും വേദപ്രചാരവും തമ്മിൽ എന്താണ് സംബന്ധമുള്ളതെന്നു ചിലരെല്ലാം സംശയിച്ചേക്കാം. എങ്കിലും ഇവരണ്ടും തമ്മിൽ വളരെ അടുത്ത ബന്ധമുണ്ട്. ഈ ബന്ധത്തെപ്പറ്റി അല്പം പറയുന്നതുകൊണ്ട് നമ്മുടെ ജനങ്ങൾക്കു ഒരു പക്ഷെ വേദപ്രചാര വിഷയത്തിൽ കുറച്ചുകൂടി താല്പൎയ്യം ജനിക്കുന്നതിനു ഇടവരുമെന്നു വിശ്വസിക്കുന്നു.

ഈയിട തിരുവിതാംകൂർ നിയമനിൎമ്മാണ സഭയിലേക്കു അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനുണ്ടായപോലെ വാശിയും കക്ഷി മത്സരവും അടുത്തകാലത്തെങ്ങും നമ്മുടെ നാട്ടിലുണ്ടായിട്ടുണ്ടെന്നു തോന്നുന്നില്ല. ഇതു സംബന്ധിച്ചു ഓരോ കക്ഷിയിൽപെട്ടവരും ചെയ്തിട്ടുള്ള ബുദ്ധിമുട്ടുകളെപ്പറ്റിയും നാട്ടിൽ നടന്നിരുന്ന ബഹളങ്ങളെക്കുറിച്ചും മത്സരം നടന്ന താലൂക്കുകളിൽ താമസിക്കുന്നവരോട് ഒട്ടും പറഞ്ഞറിയിക്കേണ്ട ആവശ്യമില്ലതന്നെ. അവർ ഓരോരുത്തരും ഓരോവിധത്തിൽ ഈവക ശ്രമങ്ങളിൽ പങ്കുകൊണ്ടിട്ടുള്ളവരാണ്. ഇതിൽകത്തോലിക്കരും അവരുടെ ചുമതല നിൎവ്വഹിച്ചു. കത്തോലിക്കരുടെ ശ്രമങ്ങൾ പല സ്ഥലങ്ങളിലും വിജയ പ്രദമാകയും ചെയ്തു. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ഏഴ സ്ഥലത്തു കത്തോലിക്കർ സ്ഥാനാൎത്ഥികളായി നിന്നു. അതിൽ അഞ്ചുപേരും വിജയികളായി. തിരുവിതാംകൂറിൽ ആകപ്പാടെ എട്ടു നാട്ടുക്രിസ്ത്യാനികൾ മാത്രമെ തിരഞ്ഞെടുപ്പു മത്സരത്തിൽ ജയിച്ചിട്ടുള്ളു. അവരിൽ അഞ്ചുപേരും ക

* എറണാകുളം മിസ്സത്തിലെ വേദപ്രചാര സംഘത്തിൽ നിന്നും പ്രചരിപ്പിച്ച ഒരു ലഘുലേഖയിൽനിന്നും എടുത്തതു.

ത്തോലിക്കരാണെന്നുള്ളത് നമുക്കെല്ലാവക്കും ഏററവും അഭിമാനകരമായ ഒരു സംഗതിയാണ്. തിരുവിതാംകൂറിൽ ജനസംഖ്യകൊണ്ടും സ്വത്തുകൊണ്ടും മററും നോക്കിയാൽ വേറെയുള്ള ക്രിസ്തീയവകുപ്പുകാരെക്കാൾ എത്രയോ ഉയന്ന പദവിയിലാണ് കത്തോലിക്കർ നില്ക്കുന്നത്. എങ്കിലും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനായി നാം മററുള്ളവരെക്കാൾ അല്പം താമസിച്ചു പുറപ്പെട്ടതുകൊണ്ടും, അതുമൂലം സക്കാർജീവനങ്ങളിൽ നമ്മുടെ ജനങ്ങൾ തീരെ കുറവായിരിക്കുന്നതിനാലും, ഗവമ്മേണ്ടിൻെറ ദൃഷ്ടിയിൽ കത്തോലിക്കർ ഒരു വലിയ സമുദായമായി കാണപ്പെട്ടിരുന്നില്ല. എന്നാൽ ഇപ്പോൾ നിയമ നിമ്മാണ സഭയിലെ എട്ടു ക്രിസ്ത്യാനി മെമ്പ്രന്മാരിൽ അഞ്ചുപേരും കത്തോലിക്കരായിരിക്കയാൽ കത്തോലിക്കക്കു ഈ രാജ്യത്തുള്ള പ്രബലതയും സ്വാധീനശക്തിയും എത്രത്തോളമുണ്ടെന്നു ഗവമ്മേണ്ടിനു ഒരു വിധം മനസ്സിലായിക്കാണണം. ഇപ്പോൾ നടപ്പിൽ വരുത്തിയിരിക്കുന്ന നിയമനിമ്മാണ സഭയ്ക്കുള്ള അവകാശങ്ങൾ നോക്കിയാൽ പല സംഗതികളിലും ഗവമ്മേണ്ടിനു അതിലെ അംഗങ്ങളുടെ സഹകരണം കൂടിയേ കഴിയൂ എന്ന നിലയിലാണു വന്നിട്ടുള്ളത്. ആ സ്ഥിതിക്കു കത്തോലിക്കാ സമുദായത്തിൻെറ നേരെ ഗവമ്മേണ്ടിനു ഇനിമേൽ കൂടുതൽ ബഹുമാനമുണ്ടാകാതിരിപ്പാൻ നിവൃത്തിയില്ല.

നിയമനിമ്മാണസഭയ്ക്കു ഓരോ കൊല്ലം കഴിയും തോറും അവകാശങ്ങൾ കൂടുതലായി കിട്ടിക്കൊണ്ടിരിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. അധികം താമസിയാതെ രാജ്യഭരണത്തിൽ പ്രധാനഭാഗം വഹിക്കുന്നതും നിയമ നിമ്മാണ സഭതന്നെ ആയിരിക്കും. അപ്പോൾ കത്തോലിക്കരുടെ അവകാശങ്ങളെ സംരക്ഷിക്കുന്നതിനായി ധാരാളം കത്തോലിക്കാ അംഗങ്ങൾ നിയമനിമ്മാണസഭയിൽ വേണ്ടതാണ്. വോട്ടുചെയ്യാൻ അധികാരമുള്ളവരുടെ കൂടുതൽ കുറവനുസരിച്ചാണല്ലൊ ഓരോ സമുദായക്കാക്കു അംഗങ്ങളെ കിട്ടുന്നതും കിട്ടാതിരിക്കുന്നതും. അതിനാൽ കത്തോലിക്കരുടെ ഇടയിൽ വോട്ടിനു അധികാരമുള്ളവരുടെ എണ്ണം കൂടി വരുന്നതിനനുസരിച്ചു അവക്കു രാജ്യകാര്യങ്ങളിൽ കൂടുതൽ പ്രവേശനം ലഭിക്കുന്നു. ഈ കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ൫ രൂപാ കരം തീരുവയുള്ളവക്കു വോട്ടു ചെയ്യാൻ അവകാശമുണ്ടായിരുന്നു. ഇതിനു മുമ്പിലത്തെ നിയമനിമ്മാണ സഭയുടെ തിരഞ്ഞെടുപ്പിൽ ൨൫ ക. കരം തീരുവയുള്ളവക്കേ വോട്ടിന്നധികാരമുണ്ടായിരുന്നുള്ളു. ഇപ്പോൾ അഞ്ചിലൊന്നാക്കി കുറച്ചിരിക്കയാണ്. ഇതുപോലെ തന്നെ മുമ്പു ൧൦ ക. കരം ഒടുക്കുന്നവക്കു മാത്രമെ ശ്രീമൂലം പ്രജാസഭയ്ക്കു അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള അവകാശം ലഭിച്ചിരുന്നുള്ളു. ഇപ്പോൾ അതും ൫ ക. യായി കുറച്ചു. ഇനിയും ഇവ കുറഞ്ഞു കുറഞ്ഞു വരുന്നതിനെ സംഗതിയുള്ളു. കുറെ കഴിയുമ്പോൾ പ്രായപൂത്തി വന്ന സകല പുരുഷന്മാക്കും വോട്ടുചെയ്യാമെന്നുവരും. അതും കഴിഞ്ഞു കുറെ കൊല്ലങ്ങൾ ചെന്നശേഷം പ്രായപൂത്തിവന്ന സകല സ്ത്രീ പുരുഷന്മാക്കും ഈ അവകാശം കിട്ടിയെന്നു വരും. മററു പല രാജ്യങ്ങളിൽ ഇങ്ങിനെ തന്നെയാണ് സംഭവിച്ചിട്ടുള്ളത്. ഇപ്പോൾ പാർലിയമെൻറ് മെമ്പ്രന്മാരെ തിരഞ്ഞെടുക്കുന്നതിനു പ്രായപൂത്തിവന്ന സകല സ്ത്രീ പുരുഷന്മാക്കും അവകാശം (Universal suffrage) നൽകിയിട്ടുള്ള രാജ്യങ്ങൾ വളരെയുണ്ട്. ഇവിടെയും അതുപോലെതന്നെ സംഗതികൾ നടക്കുമെന്നു നാം വിചാരിക്കേണ്ടതാണ്. പ്രായപൂത്തിവന്ന എല്ലാ പുരുഷന്മാക്കൊ, സ്ത്രീപുരുഷന്മാക്കൊ വോട്ടു ചെയ്യാമെന്നു വരുമ്പോൾ അധിക ജനങ്ങളുള്ള സമുദായം ഏതൊ ആ സമുദായത്തിനു പ്രധാന്യം ലഭിക്കുന്നു. ദരിദ്രനെന്നൊ ലക്ഷപ്രഭുവെന്നൊ, ഇന്നലെ മാനസാന്തരപ്പെട്ടവനെന്നൊ തോമാശ്ലീഹായുടെ കാലം മുതൽ നിലനിന്നുപോന്ന ഒരു ക്രിസ്തീയ കുടുംബത്തിലെ അംഗമെന്നൊ ഉള്ള യാതൊരു വ്യത്യാസവും വോട്ടുചെയ്യുന്ന കാര്യത്തിൽ ഉണ്ടായിരിക്കയില്ല. എല്ലാവക്കും ഓരോ വോട്ടിനുള്ള അവകാശം മാത്രം ഉണ്ടായിരിക്കും. അക്കാര്യങ്ങളിൽ പുലയനും പറയനും നമ്പൂരിയും നസ്രാണിമാപ്പിളയും സമം തന്നെ. ഇത്രയും പറഞ്ഞതിൽനിന്നു നിയമനിമ്മാണസഭയും വേദപ്രചാര

വും തമ്മിലുള്ള ബന്ധം എന്താണെന്നു വായനക്കാർ മനസ്സിലാക്കിയിരിക്കുമെന്നു വിശ്വസിക്കുന്നു. എങ്കിലും കുറെക്കൂടി വ്യക്തമായി പറയാം. തിരുവിതാംകൂറിലും കൊച്ചിയിലും— കൊച്ചിയിലും തിരുവിതാംകൂറിലെപ്പോലെയുള്ള ബഹളങ്ങളും മാററങ്ങളും ഉടനെതന്നെ ഉണ്ടാകുന്നതാണ്— പുലയർ പറയർ മുതലായ ജാതിക്കാർ എണ്ണത്തിൽ വളരെയുണ്ട്. കാലാന്തരത്തിൽ ഇവർ ഓരോരുത്തർക്കും വോട്ടിനുള്ള അധികാരം കിട്ടുന്നതാണ്. അപ്പോൾ ഇവർ പുലയരൊ പറയരൊ തന്നെ ആയിരിക്കയാണെങ്കിൽ കത്തോലിക്കർക്കു വേണ്ടി വോട്ടുചെയ്യുമൊ? ചെയ്യുമെന്നു വിചാരിച്ചുകൂടാ. പത്തുപതിനഞ്ചു കൊല്ലങ്ങൾക്കുമുമ്പ് ക്രിസ്ത്യാനികളുടെ ഇടയിലും അവരോടു അടുത്തും താമസിച്ചിരുന്ന ഈഴവർ ക്രിസ്ത്യാനികൾ പറയുന്നതിനു വിരോധമായി എന്തെങ്കിലും പ്രവൃത്തിക്കുന്നതിനു ധൈര്യപ്പെട്ടിരുന്നില്ല. അക്കാലങ്ങളിൽ പരിശ്രമിച്ചിരുന്നെങ്കിൽ അവരിൽനിന്നും വളരെപേർ കത്തോലിക്കാ സഭയിലേക്കു ചേരുമായിരുന്നു. എന്നാൽ ഇപ്പോൾ ഈഴവർ ക്രിസ്തുമതം സ്വീകരിക്കുന്നതിൽ തീരെ പ്രതികൂലികളെന്നു മത്രമല്ല ചിലടത്തു അവർ ക്രിസ്ത്യാനികൾക്കു വിരോധികളായിക്കൂടി തീർന്നിട്ടുണ്ട്. തിരുവിതാംകൂറിലെ കഴിഞ്ഞ നിയമനിർമ്മാണസഭാമെമ്പറന്മാരുടെ തിരഞ്ഞെടുപ്പിൽ ഈഴവർ ഒട്ടുമിക്കവരും ക്രിസ്ത്യാനികൾക്കു എതിരായിട്ടാണ് വോട്ടു ചെയ്തിട്ടുള്ളത്. നാം ഇപ്പോൾ നല്ലപോലെ പരിശ്രമിച്ചില്ലെങ്കിൽ പുലയരാദിയായ ജാതിക്കാരും പത്തുപതിനഞ്ചുകൊല്ലങ്ങൾക്കുശേഷം നമ്മുടെനേരെ ഈഴവർ ഇപ്പോൾ ചെയ്യുപോലെ തന്നെ പ്രവൃത്തിക്കയില്ലെന്നു ആർക്കു പറയാൻ കഴിയും? പുലയരെ എന്നും തങ്ങളുടെ കീഴനിറുത്തി പണി എടുപ്പിക്കാമെന്നു വിചാരിക്കുന്നവരുടെ മൂഢത സാമാന്യമല്ല. ഇവരുടെ കാരണവന്മാർ ഈഴവരെ സംബന്ധിച്ചും ഇമ്മാതിരി കരുതിപ്പോന്നതാണ്. എന്നാൽ ഇപ്പോഴത്തെ ഫലം എന്തായി? ഈഴവരെ വഴിയിൽവച്ചു "ഹാ, ഹാ" എന്നു പറഞ്ഞു വളരെ അകലെ ആട്ടിഓടിച്ചിരുന്ന നായന്മാർ ഇപ്പോൾ അവരോടു സഹോദരത്വം ഭാവിക്കയും അവരുമായി പന്തിഭോജനം നടത്തുകയും അവർ അമ്പലത്തിൽ കേറുന്നതിനു വിരോധമില്ലെന്നു കാണിച്ചു പ്രസംഗങ്ങൾ പറകയും ഹർജികൾ അയക്കുകയും ചെയ്യുന്നതിന്റെ എല്ലാം രഹസ്യമെന്താണ്? സംഖ്യാബലം വർദ്ധിപ്പിക്കുന്നതിനു മാത്രമല്ലെ? ഈ രഹസ്യം നമ്മുടെ ജനങ്ങൾ ഇനിയും മനസ്സിലാക്കാത്തത് നമ്മുടെ ഭാഗ്യദോഷമെന്നേ പറയാനുള്ളൂ. അന്യമതസ്ഥരെ പാട്ടുള്ള ഉത്സാഹങ്ങൾ ചെയ്തു നമ്മുടെ സഭയിലേക്കു ചേർക്കുന്നതിനു എല്ലാ കത്തോലിക്കർക്കും ദൈവമുമ്പാകെ വലുതായ കടമയുണ്ട്. ഇതിനും പുറമെ നാം ഇക്കാര്യത്തിൽ ഉററു പരിശ്രമിക്കാത്തപക്ഷം രാജ്യത്തിലെ പൌരന്മാരുടെ നിലയിൽതന്നെ കത്തോലിക്കർക്കു വലുതായ ഇടിവു തട്ടുന്നതാണെന്നു കാണിപ്പാൻവേണ്ടിയാണ് ഇത്രയും എഴുതാൻ സംഗതി ആയത്.

## ശാന്തിഗീതം (ഗാഥ)

ലോകമാം യുദ്ധക്കളത്തിങ്കലൊട്ടേറെ
ശോകഹേതുക്കളുണ്ടെന്നു കണ്ട്.
നാകലോകത്തെത്താൻ ലാക്കാക്കി നല്ലോർക-
ളാകവേ വാഴുന്നു ശാന്തരായി.

മായയാം ലോകത്താൽ വഞ്ചിതനാകുകി-
ലായതു മൂഢത്വം തന്നെയല്ലേ?
എത്രയും ശർമ്മദമാണെന്നു തോന്നുന്ന-
തത്രയും ശോകത്തിൻ ബീജമല്ലോ.

നിത്യവുമുണ്ടാകും സംഭവമോർക്കിലീ
സത്യമെല്ലാവർക്കും ഗ്രാഹ്യമത്രേ.
ഒന്നിലും ലേശവും ക്ലേശമേശീടാതെ
മന്നിൽ വാഴുന്നവൻ ധന്യനേററം.

ഒന്നിൽക്ലേശിക്കിലോ പിന്നെയും പിന്നെയും
വന്നിടും ക്ലേശഹേതുക്കൾ തന്നെ.
ഒന്നിലുമാശയില്ലാതെ വാഴുന്നവൻ
ചൊന്നിടാൻ യോഗ്യൻ താൻ ധന്യനെന്ന്.

ആശയുണ്ടാകിലൊ തദ്വാരാ തന്നത്താൻ
നാശഹേതുക്കൾ വരിച്ചിടുന്നു.
എന്തെല്ലാം വൈഷമ്യമേററു വലഞ്ഞാലും
സന്തതം ശാന്തനായ് തന്നെ വാഴ്കാ.

സങ്കടം തോന്നിടും സംഭവമുണ്ടാകിൽ
തൻകടമാണതുമാസ്വദിക്കാൻ.
ഇങ്ങനെ ചിന്തിച്ചു സന്തോഷമായെണ്ണി
എങ്ങനെയുള്ളതുമാസ്വദിക്ക.

അല്ലാതെ കഷ്ടത വന്നു ഭവിക്കുകിൽ
വല്ലാതെയല്ലലിൽ വീണീടൊല്ല.
ഇല്ലാതെ വന്നാലും ജീവനമാർഗ്ഗവും
നല്ല സമാധാനമായ് രമിക്ക.

തീരെഗ്ഗതിയററു മർത്ത്യനായ് ജാതനാം
ചാരുസ്വരൂപനാം ക്രിസ്തുദേവൻ.
നിന്നുടെ താതനും ദൈവവും തന്നെയാ–
ണെന്നു നീ ചിന്തിച്ചാനന്ദിച്ചാലും.

രോഗത്താലേററവും പീഡിതനെന്നോർത്തു
ഭോഗത്തെ കാംക്ഷിച്ചു ഖേദിയാതെ,
ലോകത്തിലേററവും പീഡിതനായവൻ
നാകത്തിൻനാഥനാമേശുദേവൻ,

നിന്നുടെ ദൈവവും രക്ഷകനും തന്നെ–
യെന്നു നീയോർത്തു സമാധാനിക്ക.
ഹാസത്തിൻഭാരവും മാനത്തിൻഭംഗവും
നീ സഹിക്കേണ്ടതിൽ കേണീടൊല്ല,

നിന്ദിതനെന്നോണമല്ലയോ ക്രൂശതിൽ
വന്ദ്യനാം മർത്ത്യനും മൃത്യുവേററു,
എന്നോർത്തു വന്നീടും മാനഭംഗത്തെ നീ
യൊന്നോടെ തുച്ഛമായ് തള്ളീടുക.

ഇല്ലസഹായത്തിന്നാരുമേയെന്നോർത്തി–
ട്ടല്ലലിൽ തെല്ലുമെ പെട്ടീടൊലാ.
ആരുംസഹായമില്ലാതെ താൻക്രൂശതിൽ
ദാരുണമാം മൃത്യുധൈര്യപൂർവ്വം

സർവ്വലോകേശൻ പ്രശാന്തനായ് കൈയേററി–
ട്ടുർവ്വി വെടിഞ്ഞതുമോർത്തുകൊൾക.
ഇങ്ങനെയുള്ളൊരു നാഥനോ തന്നുള്ളിൽ
തിങ്ങിടും സ്നേഹത്തോടോർത്തു നിത്യം.

നിന്നുടെ താതനും ജീവനും വത്സനും
തന്നെയായ് വാഴുന്നു സ്വർഗ്ഗം തന്നിൽ.
ഇത്യാദി സന്തതം ചിന്തിച്ചു ശാന്തനാ–
യത്യാഹിതത്താൽ കലങ്ങിടാതെ,

ദൈവത്തിൽ ഭക്തിയുമെത്രയും ശ്രേഷ്ഠമാം
കൈവല്യകാംക്ഷയും പൂണ്ടു വാഴ്കിൽ
തുംഗമാം തോഷമീലോകത്തിലെന്നല്ല
മംഗളം തിങ്ങിടും നാകത്തിലും.

എം. ജെ. ഏബ്രഹാം വാദ്ധ്യാർ.

# "കേരളത്തിലെ ക്രിസ്തീയ രാജാവു."

ഈ പേരിൽ കഴിഞ്ഞ മാർച്ചു ലക്കം 'കുസുമ'ത്തിൽ സുപ്രസിദ്ധ ചരിത്രകാരനായ ബ. ബർണ്ണാർദച്ചനവർകൾ എഴുതിയിരുന്ന ഉപന്യാസത്തിൽ വില്ലാർവട്ടം തോമ്മാ രാജാവിന്റെ മരണം രേഖപ്പെടുത്തിയതായി ഈയിടെ കണ്ടുകിട്ടിയിരിക്കുന്നതും, ചരിത്രാന്വേഷികളുടെ വാദപ്രതിവാദങ്ങൾക്കു വിഷയീഭവിച്ചിരിക്കുന്നതുമായ ശിലാലിഖിതത്തെക്കുറിച്ചു പ്രസ്താവിച്ചിരുന്നല്ലൊ. പ്രസ്തുത ശിലാലിഖിതത്തിന്റെ ശരിയായ തർജ്ജിമ "ചെനൊങ്ങലത്തു പാത്തവില്ലാർവട്ടം തോമ്മാരാജാവു നാടുനീങ്ങി ൧൭൦൦ കഉന്നു–" എന്നാകുന്നു. ഇതിലെ ലിപികൾ പഴയ കാലത്തു ഈ നാട്ടിൽ നടപ്പായിരുന്ന നാനംമോനമാണ്. 'ചെനൊങ്ങലത്തു' എന്നതു് 'ചേന്നമങ്ങലത്തു' എന്നതിന്റെ രൂപാന്തരമാകുന്നു. "ചേന്നമങ്ങലം ഒരു നസ്രാണി പ്രഭുവിന്റെ നിവാസ ഭൂമിയായിരുന്നു" എന്ന് മാർ തോമ്മാ ക്രിസ്ത്യാനികൾ ൧൩൨–ാം അദ്ധ്യായം ൩൮൦–ാം പുറത്തിൽ പറഞ്ഞിട്ടു

ണ്ടു്. ആ നസ്രാണി പ്രഭുകുടുംബവും വില്ലാർവട്ടം രാജവംശവും തമ്മിൽ ദൃഢമായ ഏതോ ബന്ധമുണ്ടായിരുന്നു എന്നും, അവിടെ അന്യം നില്ക്കയാലൊ മറേറതെങ്കിലും വഴിക്കൊ അവിടത്തെ ഭരണാധികാരം കൂടി വില്ലാർവട്ടം രാജസ്വരൂപത്തിലേക്കു കൈവശപ്പെട്ടതു മൂലം തോമ്മാരാജാവു അവിടെയും പോയിതാമസിക്കേണ്ട ആവശ്യം നേരിട്ടിരുന്നു എന്നും ഈ പദപ്രയോഗം കൊണ്ടു ഊഹിക്കാവുന്നതാണ്. ഇതിലെ ആണ്ടു ക്രിസ്തുവൎഷവും 'ക' എന്നതു ൧ അതായതു ഒന്നാം മാസവും ആകുന്നു. ഒന്നാം മാസം ജനുവരിയുമാണല്ലൊ.

ഈ ശിലാലിഖിതത്തിൻെറ ആവിൎഭാവത്തോടുകൂടി വില്ലാർവട്ടം ക്രിസ്തീയ രാജവംശത്തെ പററി സാരമേറിയ പല ചരിത്രസംഗതികളും വെളിപ്പെടുവാനിടയായിട്ടുണ്ടു്. ബ. ബർണ്ണാർദച്ചനവർകൾ തൻെറ ഉപന്യാസത്തിൽ പ്രധാനപ്പെട്ട രണ്ടു മൂന്നു ലക്ഷ്യങ്ങൾ എടുത്തു കാണിച്ചിട്ടുണ്ടല്ലോ. ഈ രാജസ്വരൂപം ക്നായി തോമ്മാ എന്ന നസ്രാണിനേതാവിൻെറ പ്രേരണ മൂലം 'കോകുറും കോൻ' (കൊക്കരക്കോൻ) എന്ന ചേരമാൻ പെരുമാളാൽ സ്ഥാപിക്കപ്പെട്ടതാണെന്നാണല്ലൊ പാരമ്പൎയ്യവിശ്വാസം. ൧൫൦൨-ൽ കൊടുങ്ങല്ലൂരിലെ നസ്രാണികൾ വാസ്കോഡിഗാമായോടു പറഞ്ഞ വൃത്താന്തങ്ങളും ഈ വിശ്വാസത്തെ ബലപ്പെടുത്തുന്നു. പാശ്ചാത്യന്മാരായ പുരാതന ചരിത്രകാരന്മാർ ഈ രാജവംശത്തെക്കുറിച്ച് പ്രസ്താവിച്ചിട്ടുള്ളതിൽ ചിലതുകൂടി താഴെ ഉദ്ധരിക്കുന്നു.

വത്തിക്കാൻ ഗ്രന്ഥശാലയിൽ സുറിയാനി അറബി ഭാഷകളുടെ പണ്ഡിതനായിരുന്ന സൈമൺ ജോസഫ് അസ്സേമാൻ എന്ന സിറിയൻ ക്രിസ്ത്യൻ കിഴക്കൻ ദിക്കുകളുടെ ചരിത്രാന്വേഷണാൎത്ഥം ൧൭൧൫-ൽ ൧൧-ാം ക്ലെമൻറു മാർപ്പാപ്പായാൽ അയക്കപ്പെട്ടു. അദ്ദേഹം തൻെറ അന്വേഷണഫലമായി എഴുതിയ 'ബിബ്ളിയോത്തെക്കാ ഒരിയന്താലിസ്' (Bibliotheca Orientalis) എന്ന പുസ്തകത്തിൽ ഇപ്രകാരം പറയുന്നു. "കൊച്ചിയിലേയും കൊല്ലത്തേയും ക്രിസ്ത്യാനികൾക്കു കാലക്രമേണ പ്രബലത വൎദ്ധിച്ചപ്പോൾ തങ്ങളിൽനിന്നുതന്നെ അവർ ഒരു രാജാവിനെ സ്ഥാപിച്ചു. 'മാർത്തോമ്മാക്രിസ്ത്യാനികളുടെ രാജാവെ'ന്ന പേരോടുകൂടി ഒന്നാമത്തെ 'ബലിയാർട്ടസ്' മലയാളത്തിൽ ഭരിച്ചു. അദ്ദേഹത്തിനുശേഷം അദ്ദേഹത്തിൻെറ പുത്രന്മാർ ഭരിക്കയും, ഒടുക്കം ദത്തു ചട്ടപ്രകാരം രാജവംശം ക്രിസ്ത്യാനികളിൽ നിന്ന് അക്രിസ്തീയരായ ഉദിയമ്പേരൂരിലെ രാജാക്കന്മാർക്കു കൈവശപ്പെടുകയും ചെയ്തു. പോർട്ടുഗീസുകാർ ആദ്യമായി ഈ കരക്കു വന്നപ്പോൾ മലങ്കര നസ്രാണികൾ കൊച്ചി രാജാവിനു വഴങ്ങിയിരുന്നു." (പ്രസ്തുത പുസ്തകം വാ. ൪. പു ൪൪൨.)

ഡച്ചുഗവൎണ്ണരായിരുന്ന അദ്രിയൻ മോയൻസു ൧൭൮൧-ൽ എഴുതിയ "മലബാർ രാജ്യഭരണനോട്ടി"ൽ ഈ രാജസ്വരൂപത്തെക്കുറിച്ചു ഇപ്രകാരമാണ് പറയുന്നതു്. "ഈ മാർതോമ്മാ ക്രിസ്ത്യാനികൾ അപ്പോൾ സൗകൎയ്യലബ്ധിയോടുകൂടി ശ്രുപാശ്രയിലും ശക്തിയിലും എണ്ണത്തിലും വർദ്ധിക്കയും, പണ്ടത്തെ ഇസ്രായേൽക്കാരെപോലെ തന്നെ ഒരു രാജാവിനെ കാംക്ഷിക്കയും അപ്രകാരം 'ബലിയാർട്ടസ്' എന്നപേരായി ഒരാളെ നിയമിച്ച് അദ്ദേഹത്തിനു 'മാർത്തോമ്മാ ക്രിസ്ത്യാനികളുടെ രാജാവു' എന്ന സ്ഥാനം നൽകുകയും ചെയ്തു. അദ്ദേഹത്തിൻെറ പിൻവാഴ്ചക്കാർ ഒടുക്കം സന്താനമില്ലാതെ മരിച്ച ഒരാൾവരെ അദ്ദേഹത്തിൻെറ സിംഹാസനത്തിൽവാണു. തൽസ്ഥാനത്തിലേക്കു ജനങ്ങളുടെ പൊതു സമ്മതമനുസരിച്ചു അക്കാലത്തെ ഉദിയമ്പേരൂർ രാജാവായിരുന്ന ഒരു രാജാവിനെ തിരിഞ്ഞെടുത്തു വാഴിച്ച്."

ഈ രാജവംശത്തിലെ അവസാന രാജാവായ തോമ്മാ രാജാവിനു ൧൪൩൯-ൽ നാലാമത്തെ എവുജേനിയോസു മാർപ്പാപ്പാ അയച്ച തിരുവെഴുത്തിനെപ്പററി ബ. അച്ചൻ പറഞ്ഞിട്ടുണ്ടല്ലൊ. ആ മാർപ്പാപ്പായുടെ സെക്രട്ടറിയായിരുന്ന 'പാഗിസ് ബ്രാക്കിയോളിനി' എന്ന ദേഹം എഴുതീട്ടുള്ള 'ഹിസ്റ്റോറിയാ ദെവരിയത്താത്തെ ഫോർത്തുനെ' (Historia De Varietate Fortunae) എന്ന പുസ്തകത്തിലും ഈ രാ

ജ വംശത്തെ കുറിച്ചു പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിനു ഈ അറിവു നിക്കോലൊ ഡെ കൊൻറി എന്ന ഇററാലിയൻ രാജ്യസഞ്ചാരിയാൽ കൊടുക്കപ്പെട്ടതാണത്രേ. മേൽ പറഞ്ഞ പുസ്തകത്തിൽ ഇപ്രകാരം പറയുന്നു 'കോഴിക്കോട്ടിനടുത്തു ഇൻഡ്യാവിഭാഗത്തിൽ ഒരു രാജ്യമുണ്ടു. അവിടത്തെ രാജാവും സകല പ്രജകളും ക്രിസ്ത്യാനികളാകുന്നു'. ഇതു ഒരു സമകാലികമായ രേഖയാണെന്നുള്ളതു പ്രത്യേകം പ്രസ്താവ്യമത്രേ.

എം. എൽ. ഐസക്ക്.

## പാപ്പാമതം പുകച്ചുകളയും
### (ഒരു കഥ. തുടർച്ച)

II.

വിദേശീയരുമായുള്ള സംഭാഷണം കേൾക്കുന്നതിലേക്കു ഓടിക്കൂടിയ ജനങ്ങളുടെ സംഖ്യ പ്രതിനിമിഷം വർദ്ധിച്ചുവന്നു. വിവിധവർഗ്ഗക്കാരായ പല മാന്യന്മാരും തിക്കിത്തിരക്കി അവരുടെ സമീപത്തു ചെന്നു സ്ഥലം പിടിക്കുന്നതിനു ചെയ്ത ശ്രമം ഒരു വലിയ ബഹളമായിത്തീർന്നെന്നേ പറയേണ്ടു. ഈ ബഹളം ഒന്നു ശമിപ്പിക്കുന്നതിലേക്കായിട്ടെങ്കിലും, കർനീജി ഹാളിൽ കയറി അല്പം ഇരുന്നാശ്വസിച്ചിട്ടു പോകാമെന്നു ജനറൽ നൈൽസ് കേപ്പർഡക്ക് അവർകളോടാവശ്യപ്പെട്ടെങ്കിലും, സമയദൈർഘ്യത്തെ ഭയന്നു അദ്ദേഹം അതിനു സമ്മതിച്ചില്ല.

കേപ്പർഡക്ക്— ഞങ്ങൾക്കുള്ള നേരം നന്നാ പരിമിതമായിരിക്കുന്നതിനാൽ ഒട്ടുംതന്നെ വൃഥാ കളവാൻ നിവൃത്തിയില്ല. ഭൂഗോളംസംബന്ധിച്ചു പാടുള്ള അറിവുകളെല്ലാം ഇതിനകംകൊണ്ടു സമ്പാദിച്ചുപോകുവാൻ നിങ്ങൾ എന്നെ സഹായിക്കുന്നെങ്കിൽ അതുതന്നെ വലിയൊരു സല്ക്കാരമായിരിക്കും. ബുദ്ധിവികാസം സംബന്ധിച്ചു മർത്ത്യവർഗ്ഗം എത്ര അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ടെന്നു എനിക്കറിയണം. കലാവിദ്യകൾ വല്ലതും നിങ്ങൾക്കുണ്ടോ? ഉണ്ടെങ്കിൽ അവ ഏതു നിലയിലിരിക്കുന്നു? ഓരോ വിഷയത്തിലും ഗണനീയന്മാരായവരുടെ പേരുകളെങ്കിലും എനിക്കു പറഞ്ഞുതരിക.

നൈൽസ്— കലാവിദ്യകൾ ഞങ്ങൾക്കുണ്ടോ എന്നു നിങ്ങൾ സംശയിക്കുന്നോ? നരകുലം സകല ശാസ്ത്രങ്ങളിലും പരമകാഷ്ഠയെ പ്രാപിച്ചു കഴിഞ്ഞിരിക്കുന്നു.

കെപ്പർഡക്ക്— കൊള്ളാം. എന്നാൽ ശില്പശാസ്ത്രശാഖയിൽ നിങ്ങൾക്കുള്ള മാതൃകാസൃഷ്ടി ഏതാണെന്നു പറഞ്ഞുതരാമോ?

നൈൽസ് ജെഫേർസൻ പാദ്രിയുടെ മുഖത്തേക്കു നോക്കി. രണ്ടുപേരും ഉത്തരം പറയുന്നതിനു അല്പം ശങ്കിച്ചുനില്ക്കയിൽ, അടുത്തു നിന്നിരുന്ന ഒരു മാന്യൻ ഇപ്രകാരം മൌനഭഞ്ജനം ചെയ്തു: റോമ്മിലുള്ള വി. പത്രോസിൻെറ ഭദ്രാസനദേവാലയത്തേ ജയിക്കത്തക്ക ഒരു ശില്പവേല ഇന്നേവരേ ലോകത്തിൽ ഉണ്ടായിട്ടില്ല.

ഈ പ്രസ്താവനയിങ്കൽ ജെഫേർസൻ നീരസഭാവം പ്രദർശിപ്പിക്കയുണ്ടായെങ്കിലും, വാസ്തവം സമ്മതിക്കാതെ നിവൃത്തിയില്ലാത്തതിനാൽ ജനറൽ നൈൽസ് അതിനേത്തുടർന്നു ഇങ്ങിനെ അഭിപ്രായപ്പെട്ടു: കരകൌശല വൈദഗ്ദ്ധ്യത്തിൻെറ അനിഷേദ്ധ്യസ്മാരകമായി ഈ സൌധംതന്നെയാണ് പരിലസിക്കുന്നതെന്നുള്ളതിനു യാതൊരാക്ഷേപവുമില്ല.

അത്തേൽസ്റ്റൻ— അതിൻെറ നിർമ്മാതാക്കൾ ആരാണെന്നുകൂടി അറിഞ്ഞാൽ കൊള്ളാം.

നൈൽസ്— ബ്രമാൻറി ആദിയായ ശില്പശാസ്ത്രജ്ഞന്മാരാണ്.

കെപ്പർഡെക്ക്— അവർ ആരായിരുന്നു?

"അവർ പാപ്പാമതക്കാരായിരുന്നു" എന്നുള്ള ഉത്തരം പെട്ടെന്നു ജനക്കൂട്ടത്തിൽനിന്നു ആരോ പറഞ്ഞുവിട്ടതിനോടുകൂടെ ജെഫേർസൻ പ്രഭൃതികളുടെ മുഖത്തുണ്ടായ പ്രത്യക്ഷമായ ഭാവപ്പകർച്ചയെ കാണാതെ തന്നെ അത്തേൽസ്റ്റൻ "ഓഹോ! അതും പാപ്പാമതക്കാർ തന്നെയോ" എന്നു പറഞ്ഞുകഴിഞ്ഞപ്പോഴേക്കും പ്രക്ഷോഭജനകങ്ങളായ ചില ധ്വനികൾ ജനസഞ്ചയത്തിൽ അവിടവിടെ കേട്ടുതുടങ്ങി. അത്തേൽസ്റ്റനാകട്ടെ ഗൌരവമായി നിന്നുകൊണ്ടു കിട്ടിയ വിവരങ്ങൾ ഉടനുടൻ തൻെറ ഡയറിയിൽ നോട്ടു ചെയ്തു.

കെഺർഡക്ക് — ഇനി കൊത്തുപണിക്കാരായ ചില സുപ്രസിദ്ധന്മാരുടെ നാമധേയങ്ങൾ കിട്ടാനാണ് ആഗ്രഹം.

ജെഫേർസൻ— ഫ്ളാക്സ്മൻ, ചാൻടി, വൂൾനർ ആദിയായ വിശ്വവിശ്രുതന്മാരായ ഇംഗ്ലീഷ് കൊത്തുപണിക്കാരെപ്പററി ആരാണ് കേട്ടിട്ടില്ലാത്തതു്.

ജനക്കൂട്ടത്തിൽ ഒരുത്തൻ— ഈ പേരുകളൊന്നും കേൾക്കപോലും ചെയ്തിട്ടില്ലാത്തവർ അനേകരുണ്ടാകും. എന്നാൽ കനോവാ, മൈക്കൾ ആഞ്ചെലോ എന്ന നാമങ്ങൾ ശ്രവിച്ചിട്ടില്ലാത്ത കുട്ടികൾ പോലും ഉണ്ടായിരിക്കയില്ല.

നെൽസ്— ഓ! മൈക്കൽ ആഞ്ചെലോ ഈ വിഷയത്തിൽ അദ്വിതീയൻ തന്നെ സംശയമില്ല.

അത്തേൽസ്റ്റൻ— അദ്ദേഹം ആരായിരുന്നു?

ജനക്കൂട്ടത്തിലൊരുവൻ— അദ്ദേഹം ഇററാലിയനായ ഒരു പാപ്പാമതക്കാരനായിരുന്നു.

ജനങ്ങളുടെ ഇടയിൽ അല്പമൊരു അട്ടഹാസവും അതിന്നനുസരിച്ചു ജെഫേർസൻ പാതിരിയുടെ മുഖത്തു നിറപ്പകർച്ചയും ഉണ്ടായതു് കെഺർഡക്കും അത്തേൽസ്റ്റനും മനസ്സിലാക്കിയെങ്കിലും, ഒന്നും ഗ്രഹിക്കാത്തതുപോലെ അത്തേസ്റ്റൻ തൻെറ ഡയറി കുറിച്ചുകൊണ്ടും, കെഺർഡക്ക് ഉൽക്കണ്ഠാപൂർവ്വമുള്ള തൻെറ ചോദ്യങ്ങൾ തുടൎന്നുകൊണ്ടുമിരുന്നു.

(തുടരും)

ഫാദർ സൈമൺ സി. ഡി.

## കൊന്തയും വെന്തിങ്ങയും.

"നമ്മുടെ പുനരൈക്യം'' അഥവാ ചില വാസ്തവങ്ങൾ എന്ന അഭിധാനത്തിൽ യാക്കോബായ ക്നാനായ സമുദായത്തിൽപെട്ട ഒരു മാന്ന്യൻ പ്രസ്തുത സമുദായാംഗങ്ങളായ മഹാജനങ്ങളുടെ പൎയ്യാലോചനയ്ക്കായി ഈയിട ഒരു ലഘുലേഖ എഴുതി പ്രസിദ്ധീകരിച്ചിരിക്കുന്നതു പലതുകൊണ്ടും അത്യന്തം അവസരോചിതമാണെന്നു പറയേണ്ടിയിരിക്കുന്നു. കത്തോലിക്കാ സഭയുമായി ഏകീഭവിക്കേണ്ടതിൻെറ ആവശ്യകതയേയും, അതുകൊണ്ടുള്ള പ്രയോജനത്തേയുംപററി ഇതിൽ സയുക്തികമായി വിവരിച്ചിട്ടുള്ളതുകൂടാതെ, യാക്കോബായ സഹോദരങ്ങളുടെ ഇടയിൽ വ്യാപിച്ചിട്ടുള്ള പല തെററിധാരണകളേയും കാരണസഹിതം ഇതിൽ ഖണ്ഡിച്ചിട്ടുമുണ്ട്. സത്യാന്വേഷികളായ യാക്കോബായക്കാൎക്കെല്ലാം ഇതു പ്രയോജകീഭവിക്കാതിരിക്കയില്ല. കത്തോലിക്കരുടെ കൊന്ത വെന്തിങ്ങ മുതലായ ഭക്തസാധനങ്ങളെക്കുറിച്ച് യാക്കോബായക്കാൎക്കുള്ള വിഷമത്തേ ലഘുലേഖാകൎത്താവു തീൎത്തിരിക്കുന്നതു് ഇപ്രകാരമാണ്:—

"റോമ്മാക്കാരോടു യോജിച്ചാൽ 'വെന്തിങ്ങാ' ഇടീപ്പിക്കുന്നതാണ്'' എന്നു നമ്മുടെ സമുദായത്തിലെ അറിവില്ലാത്തവരെന്നല്ല, ചില അറിവുള്ളവർ കൂടെയും പറയുന്നതു കേട്ടു ഞാൻ അത്ഭുതപ്പെട്ടു പോയിട്ടുണ്ട്. നമ്മുടെ സമുദായത്തിലെ ചില കുടുംബക്കാൎക്കു കത്തോലിക്കരിൽ ചിലരോടുള്ള വഴക്കുനിമിത്തം ഓരോ കാ

ലങ്ങളിൽ അവർ കത്തോലിക്കാസഭയെ പൊതുവേ ആക്ഷേപിച്ചു് പലതും എഴുതിപ്പിടിപ്പിച്ചിട്ടുണ്ടു്. എന്നാൽ ഇതൊക്കെയും ശുദ്ധ കമ്പവും, ഇരുട്ടുകൊണ്ടടച്ച ഓട്ടയുമാണെന്നു അതതു കാലങ്ങളിൽ ഇങ്ങനെയുള്ള പ്രസിദ്ധീകരണങ്ങൾക്കു കത്തോലിക്കർ കൊടുത്തിട്ടുള്ള മറുപടികൊണ്ടു തെളിഞ്ഞുകഴിഞ്ഞിരിക്കയാണു്. ഇങ്ങനെയുള്ള മറുപടിപ്രസിദ്ധീകരണങ്ങൾ നമ്മുടെ ആളുകളിൽ അധികം വായിച്ചിരിക്കാനിടയില്ല. എന്നാൽ അഭൃത്തതോ നമ്മുടെ സമുദായങ്ങളിൽ മിക്കപേരും വായിച്ചിരിക്കാനിടയുണ്ടെന്നുതന്നെയല്ല, മിക്ക കുടുംബങ്ങളിലും ഉണ്ടായിരിക്കുന്നതാണു്. മറുവശം നോക്കാതെ ഇങ്ങനെയുള്ള പുസ്തകങ്ങൾമാത്രം വായിച്ചുകൊണ്ടിരിക്കുന്നവരുടെ ഇടയിലാണു് കത്തോലിക്കാസഭയേപ്പററി അനേകം തെററിദ്ധാരണകൾ കടന്നുകൂടിയിരിക്കുന്നതു്. കത്തോലിക്കരുടെയിടയിലെ വെന്തിങ്ങാ, കൊന്ത മുതലായവകളുടെ ഉപയോഗത്തേപ്പററിയുള്ള തെററിദ്ധാരണയും ഇങ്ങനെയുള്ള അജ്ഞതനിമിത്തം ഉണ്ടായിട്ടുള്ളതാണു്. വെന്തിങ്ങാ ഇടണമെന്നു കത്തോലിക്കാസഭ പാപത്തിൻകീഴു് നിബന്ധിക്കുന്നില്ല. വെന്തിങ്ങാ ഇല്ലാത്തവരായി പലരേയും കത്തോലിക്കാസഭയിൽ നാം കാണുന്നതുതന്നെ ഇതിനു ലക്ഷ്യമാണല്ലോ. വെന്തിങ്ങ ധരിക്കുന്നതുകൊണ്ടുള്ള ഗുണവും, അതിന്റെ മാഹാത്മ്യവും മനസ്സിലാക്കി അതു ധരിച്ച ശേഷമുള്ള കടമകളെ നിവ്വഹിപ്പാൻ തയ്യാറുള്ളവരായി ഓരോരുത്തരും സ്വമനസ്സാലെ അതു മുറപ്രകാരം ധരിപ്പിക്കപ്പെടുകയാണു് ചെയ്യുന്നതു്. അതിനാൽ റോമ്മാക്കാരുമായി യോജിച്ചാൽ വെന്തിങ്ങാ ബലമായി ഇടീക്കുമെന്നു പറയുന്നതു് അവാസ്തവവും ഐക്യവിരോധികളുടെ തന്ത്രങ്ങളിൽ ഒന്നുമാണെന്നു ഇനിയെങ്കിലും നാം മനസ്സിലാക്കേണ്ടതാണു്.

കത്തോലിക്കരുടെ കൊന്തനമസ്കാരത്തേപ്പററിയും കൊന്തയുടെ ഉപയോഗത്തേക്കുറിച്ചും നമ്മിൽ ചിലർ പുഛിക്കുന്നതായി കേട്ടിട്ടുണ്ടു്. അതിനാൽ അതേപ്പററിയും രണ്ടു വാക്കു പറയട്ടെ.

നമ്മുടെ ചില അമ്മൂമ്മമാരുടെ കഴുത്തിൽ കൊന്ത കിടക്കുന്നതായി പലരും കണ്ടിട്ടുണ്ടല്ലോ. എന്നാൽ നമ്മുടെ കല്യാണാവസരത്തിൽ പട്ടക്കാർ തന്നെയല്ല, നമ്മുടെ തിരുമേനിപോലും കയ്യിലെടുത്തു് മണവാട്ടിയുടെ തലയിൽ "ക്ലിലാബിദേ" ചൊല്ലി മൂന്നുപ്രാവശ്യം കൊന്ത വാഴ്ത്തുന്നുണ്ടല്ലോ. നമ്മുടെ കെട്ടിച്ച സ്ത്രീകൾക്കു സ്ത്രീധനത്തിനു പുറമേ "കൊന്തയും മോതിരവും" കൊടുക്കുക പതിവുള്ളതു് എല്ലാവക്കും അറിവുള്ളതാണല്ലോ. എന്നാൽ ഈ കൊന്ത ഏതാണു്. ആ കൊന്തയിൽ എത്ര മണിയുണ്ടെന്നു വല്ലവരും എണ്ണിനോക്കിയിട്ടുണ്ടോ? ഇതു കത്തോലിക്കർ ഇപ്പോഴും ഉപയോഗിക്കുന്ന നൂററമ്പത്തുമൂന്നുമണി കൊന്തയാണു്. മാന്യജനങ്ങളെ, നിങ്ങൾ ഇവിടെ പ്രത്യേകം ചിന്തിക്കേണ്ടതുണ്ടു്. ആദ്യശതകങ്ങളിലെ ക്രിസ്ത്യാനികളുടെയിടയിൽ തന്നെ കൊന്തയുടെ പ്രയോഗമുണ്ടായിരുന്നതായി ചരിത്രലക്ഷ്യമുണ്ടു്. നമ്മുടെ കുടിയേററത്തെ സംബന്ധിച്ച പുരാതന പാട്ടിൽ— "ചട്ടയും മുട്ടാക്കും കൊന്ത തലമുണ്ടു്" എന്നു പ്രസ്താവിച്ചിരിക്കുന്നതിൽ നിന്നു നമ്മുടെ പൂവ്വന്മാർ കുടിയേറിയ കാലത്തുതന്നെ കൊന്ത ഉപയോഗത്തിലിരുന്നതാണെന്നു തെളിയുന്നുണ്ടല്ലോ. പറുങ്കികളുടെ ഭരണത്തിനുമുമ്പു മലങ്കര സഭയെ ഭരിച്ചിരുന്ന ഒടുവിലത്തെ കൽദായമെത്രാനായ മാർ അബ്രഹാം മെത്രാനു് വിശ്വാസികൾക്കു വിതരണം ചെയ്യാനായി അമ്പതിനായിരം കൊന്ത മാർപ്പാപ്പാ അയച്ചുകൊടുത്തതായി ചരിത്രത്തിൽ കാണുന്നു. ഇങ്ങനെ ഓരോന്നും നോക്കിയാൽ കൊന്തയുടെ ഉപയോഗം ആദ്യകാലംമുതലേ ഉണ്ടായിരുന്നതാണെന്നും, കത്തോലിക്കാസഭ അതിനെ ഉപേക്ഷിക്കാതെ പൂവ്വാധികം പുഷ്ടിപ്പെടുത്തിക്കൊണ്ടിരിക്കയാണെന്നും യാക്കോബായക്കാരും അതിനെ മുഴുവനായി ഉപേക്ഷിച്ചിട്ടില്ലെന്നും നമുക്കു മനസ്സിലാക്കാവുന്നതാണു്."

# തിരുഹൃദയഭക്തന്മാർ ൧൯൨൭ കർക്കടകമാസത്തിൽ വെക്കേണ്ട പൊതുനിയോഗം.

"യൂദജനത്തിൻെറ മാനസ്സാന്തരം"

യോഹന്നാൻമാംദാനാ യോർദ്ദാൻനദീതീരത്തു യൂദജനങ്ങളോടു പ്രസംഗിച്ചുകൊണ്ടിരിക്കയിൽ ചെയ്ത ഒരു പ്രവചനം അന്നുമുതൽ ഇന്നേവരെ നിറവേറിക്കൊണ്ടിരിക്കുന്നു. "അബ്രാഹം ഞങ്ങൾക്കു പിതാവായിട്ടുണ്ടെന്നു നിങ്ങൾക്കുള്ളിൽ പറവാൻ നിങ്ങൾ വിചാരിക്കേണ്ട. എന്തുകൊണ്ടെന്നാൽ ഈ കല്ലുകളിൽ നിന്നു അബ്രാഹത്തിനു സന്തതിയെ ഉയർത്തുവാൻ ദൈവം പ്രാപ്തനാണെന്നു ഞാൻ നിങ്ങളോടു പറയുന്നു" (മത്തായി III. 9.) യൂദജനം അബ്രാഹത്തിൻെറ സന്തതിയും, ദൈവത്തിൻെറ തെരഞ്ഞെടുക്കപ്പെട്ട ജനവുമാണെന്നുള്ള പ്രശസ്തിയും പ്രാഭവവും എല്ലാം ലോകരക്ഷനാഥനെ അവർ തിരസ്കരിച്ചതിനോടുകൂടെ അവസാനിക്കയും, അക്കാലത്തു വിശ്വാസലേശമില്ലാത്ത കല്ലുകൾപോലെ കിടന്നിരുന്ന അജ്ഞാനികൾ അനേകാനേകായിരങ്ങളായി സത്യവിശ്വാസം അനുസരിച്ചു വിശ്വാസികളുടെ പിതാവായ അബ്രാഹത്തിൻെറ സന്തതികളായിത്തീരുകയും ചെയ്തിരിക്കുന്നു.



ലോകത്തിൻെറ നാനാ ഭാഗങ്ങളിലായി ഇപ്പോൾ ചിതറിക്കിടക്കുന്ന യൂദന്മാരുടെ ആകത്തുക ഒന്നേക്കാൽ കോടിയോളം വരും. അതിൽ ഏകദേശം ഒരു കോടിയോളം യൂറോപ്പിൽത്തന്നെയാണ്. മറ്റെല്ലാ ജാതിക്കാരുടെയിടയിലും സത്യവേദം പ്രചരിച്ചുകഴിഞ്ഞിരിക്കുന്ന ഇക്കാലത്തുപോലും യൂദജനങ്ങളുടെ മാനസ്സാന്തരം നന്നാ ദുർല്ലഭമായിട്ടേ ഉണ്ടാകുന്നുള്ളു. ലോകത്തിലേ കോടീശ്വരന്മാരായി അവരിൽപലരുണ്ടെങ്കിലും, പരലോക സമ്പത്തായ സത്യവിശ്വാസം സമ്പാദിച്ചിട്ടുള്ളവർ വളരെ ചുരുക്കംതന്നെ. മിശിഹായുടെ വരവിനെ അവർ ഇനിയും പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നതേയുള്ളു. യൂദന്മാരെല്ലാവരും പലസ്തീനാ രാജ്യത്തു വീണ്ടും കുടിയേറിപ്പാർക്കുന്നതിനുള്ള ഒരു ശ്രമവും അവരുടെയിടയിൽ ആരംഭിച്ചിട്ടുണ്ട്. ആകപ്പാടെ ശാപമേററവരായി ഇതേവരേ ലോകമാസകലം ഛിന്നഭിന്നമായിക്കിടന്നിരുന്ന ഈ ജനക്കൂട്ടത്തിൻെറ ഇടയിൽ കാണപ്പെടുന്ന ഈ ഉണർച്ച ദൈവാനുഗ്രഹത്തിൻെറ ഒരു ലക്ഷണമായി കരുതേണ്ടിയിരിക്കുന്നു. അത്ഭുതപൂർവ്വമായ മാനസ്സാന്തരങ്ങൾ അവരുടെയിടയിൽ സംഭവിക്കുന്നതായി കുറേനാളായി കേട്ടുതുടങ്ങിയിട്ടുണ്ട്. അതു വർദ്ധമാനമായിത്തീരുന്നതിലേക്കു തിരുഹൃദയഭക്തന്മാർ ഈ മാസത്തിൽ പ്രത്യേകിച്ചു പ്രാർത്ഥിക്കണം.

ചിങ്ങമാസം— "അമ്മേരിക്കയിലെസത്യവേദസ്ഥിതി."

---

"കുസുമ ഗ്രന്ഥാവലി" 12-ാം നമ്പർ റവ. ഫാദർ സൈമൺ സി. ഡി. എഴുതിയ "മാതൃകാവിദ്യാർത്ഥിയായ മാർ ളൂയീസ് ഗൊൺസാഗാ" ഇതാ പുറത്തു വന്നിരിക്കുന്നു. വില ഒരു ചക്രം (അര അണ) മാത്രം. എല്ലാ വിദ്യാർത്ഥികളുടെ പക്കലും ഈ മാതൃക ഓരോന്നു ഇരിക്കേണ്ടതാണ്.

കട്ടക്കയത്തിൽ ചെറിയാൻമാപ്പിള അവർകൾ രചിച്ച "തിരിഞ്ഞെടുക്കപ്പെട്ട പാത്രം" എന്ന വിശിഷ്ട പദ്യകൃതി 13-ാംനമ്പരായി ഉടനെ പ്രസിദ്ധപ്പെടുത്തും.

മാനേജർ 'കർമ്മലകുസുമം'– മാന്നാനം.

# കുറിപ്പുകളും വർത്തമാനങ്ങളും.

☞ സ്ഥലച്ചുരുക്കത്താൽ 'മാതാവിന്റെ ലുത്തനിയാ' മുതലായി പലതും അടുത്ത ലക്കത്തിലേക്കു നീക്കിവെയ്ക്കുയാണു ചെയ്തിട്ടുള്ളതു്.

### തിരുനാൾ മംഗളം.

നി. വ. ദിവ്യശ്രീ കുഴ്ച്ചാലശ്ശേരിൽ മാർ തോമ്മാ മെത്രാനച്ചൻ തിരുമനസ്സിലെ നാമകാരണന്റെ 'ദുക്റാന'ത്തിരുനാളിൽ പതിവുപോലെ 'കുസുമം' തിരുമനസ്സിലേക്കു സവിനയം മംഗളം ആശംസിച്ചുകൊള്ളുന്നു. കോളജിന്റെ പ്രാരംഭത്തോടു സമീപിച്ചുവന്നിരിക്കുന്ന ഈ സുദിനം ഇക്കൊല്ലം കീഴാണ്ടുകളേക്കാൾ അത്യാഘോഷപൂർവ്വം കൊണ്ടാടേണ്ടതാണെന്നു പറയേണ്ടതില്ലല്ലോ.

### റോമ്മയിലെത്തി.

കോട്ടയം മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു മേ ൨൨-ാംനു- സസുഖം റോമ്മയിൽ എത്തിയതായും ദിവ്യകാരുണ്യസംഘത്തിൽ സംബന്ധിച്ചതായും അറിയുന്നു. ഇംഗ്ലണ്ടു മുതലായ രാജ്യങ്ങളും അവിടുന്നു സന്ദർശിപ്പാനിടയുണ്ടെന്നു ലണ്ടനിൽനിന്നു ഇവിടെക്കിട്ടിയ ഒരെഴുത്തുകൊണ്ടു കാണുന്നു.

### നമ്മുടെ ചരിത്രവാദം.

ഇതുപോലെയുള്ള വാദങ്ങൾ ആരംഭിച്ചാൽ അവസാനിപ്പിക്കാനാണു വിഷമം. ഏതായാലും കുസുമത്തിന്റെ പക്ഷങ്ങൾ ഇനി ഇതിലേക്കായി ഉപയോഗിക്കേണ്ടതില്ലെന്നും, അന്യോന്യം എഴുത്തുമൂലം സംശയനിവൃത്തി വരുത്തിക്കൊള്ളാമെന്നും റവ. ഫാദർ ബെർണ്ണാർഡ് അവർകളും മിസ്റ്റർ തോമ്മസും തീരുമാനിച്ചിരിക്കുന്നതിനാൽ അതേ സംബന്ധിച്ചുള്ള ഞങ്ങളുടെ വായനക്കാരിൽ ചിലരുടെ ആവലാധി തീരുമെന്നു വിശ്വസിക്കുന്നു.

### വി. ശൌര്യാർ പുണ്യവാന്റെ തിരുശരീരം.

ഗോവയിൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്ന ഈ സിദ്ധന്റെ തിരുശരീരം അടുത്ത ഡിസംബർമാസത്തിൽ വിശ്വാസികളുടെ വണക്കത്തിന്നായി സ്ഥാപിക്കപ്പെടുമെന്നറിയുന്നു. ൧൮൯൦ കഴിഞ്ഞതിൽപ്പിന്നെ ഇതേവരെ ഇങ്ങനെ പരസ്യമായി വച്ചിട്ടില്ല. പുണ്യവാനെ പേരുവിളിച്ചതിന്റെ ൩൦൦-ാം കൊല്ലമായതിനാൽ ഗോവയിലെ ഗവർണർജനറൽ മുതലായി പലരുടെ പ്രത്യേക താല്പര്യത്താലാണു ഇക്കൊല്ലം ഈ പ്രദർശനം നടത്തുന്നതിനു തീർച്ചപ്പെടുത്തിയിരിക്കുന്നതു്.

### തിരുഹൃദയസർവ്വകലാശാല.

ഉന്നതവിദ്യാഭ്യാസത്തിലുള്ള ഭ്രമം ഇപ്പോൾ എല്ലാരാജ്യങ്ങളിലും കലശലായി വർദ്ധിച്ചുവരികയാണ്. എന്നാൽ അതു വേണ്ടപോലെ നിർവ്വഹിക്കാത്തപക്ഷം അതിൽനിന്നുത്ഭവിക്കാവുന്ന ദോഷഫലങ്ങൾ എന്തുമാത്രമെന്നു എല്ലാവരും ശരിയായി മനസ്സിലാക്കുന്നുണ്ടെന്നു തോന്നുന്നില്ല. യൂറോപ്പു രാജ്യങ്ങളിലെ സ്ഥിതി അത്യന്തം പരിതാപകരമായിരിക്കുന്നു. സോവിയററു തത്വശാസ്ത്രജ്ഞന്മാരാണു പലസ്ഥലങ്ങളിലുമുള്ള കലാലയങ്ങളിലെ പണ്ഡിതപീഠങ്ങൾ അലങ്കരിച്ചിരിക്കുന്നതു്. ഇതിനാൽ പ്രസ്തുത സ്ഥാപനങ്ങളിൽ മിക്കതും വിശ്വാസവിഹീനരായ യുവാക്കന്മാരെ വാർത്തെടുക്കുന്ന യന്ത്രശാലകളായിത്തീർന്നിരിക്കുന്നതിനാൽ അതിശയിപ്പാനില്ല. ഈവിധമുള്ള ദോഷങ്ങളെ നിവാരണം ചെയ്യുന്നതിലേക്കു തിരുഹൃദയകലാശാല എന്ന അഭിധാനത്തിൽ ഇററലിയിൽ മിലാൻപട്ടണത്തിൽ പുതുതായി ഒരു കത്തോലിക്കാ യൂനിവേർസിററി ആരംഭിച്ചിരിക്കുന്നു. മുറപ്രകാരം ചേർന്നിട്ടുള്ള വിദ്യാർത്ഥികളെക്കൂടാതെ, പുരുഷന്മാരോ സ്ത്രീകളോ ആയ ഏവർക്കും ഇവിടത്തെ പ്രസംഗങ്ങളിൽ യഥേഷ്ടം സംബന്ധിക്കാമെന്നുള്ളതു ഇതിന്നുള്ള ഒരു പ്രത്യേക വിശേഷതയാണ്. ഗവർമ്മേണ്ടിന്റെ അംഗീകരണം ഈ കലാമന്ദിരത്തിനു ഇതേവരെ സിദ്ധിച്ചിട്ടില്ലെങ്കിലും, കാലവിളംബംകൂടാതെ കിട്ടുമെന്നു

തന്നെ പ്രതീക്ഷിക്കപ്പെട്ടിരിക്കുന്നു. ഭാരതീയകത്തോലിക്കര്‍ മനസ്സിരുത്തി ചിന്തിക്കേണ്ട ഒരു സംഗതിയാണിതെന്നു ഏതല്‍ക്കാലപര്യന്തമുള്ള അനുഭവം കൊണ്ടുതന്നേ ഏവര്‍ക്കും ബോദ്ധ്യപ്പെട്ടിരിക്കുമെന്നു വിശ്വസിക്കുന്നു.

പൂച്ചയുടെ വിളയാട്ടം.

പാല്‍ക്കലം ഉടയുന്നതു് പൂച്ചയ്ക്കു ഒരു വിളയാട്ടമായിട്ടാണല്ലോ പലപ്പോഴും പരിണമിക്കാറുള്ളതു്? ഇററലിയിലെ താല്‍ക്കാലികാവസ്ഥയെപ്പററി കാര്‍ഡിനല്‍ ഡൌഗേര്‍ട്ടി അവര്‍കള്‍ "കൊളമ്പിയാ" എന്ന പത്രത്തിലേക്കു എഴുതിയിരിക്കുന്ന ചില വിവരങ്ങള്‍ വായിച്ചാല്‍, ഇതേവരെ കണ്ണടച്ചിരുന്ന ചില പൂച്ചകള്‍ അവിടെ വിളയാട്ടം തുടങ്ങിയിരിക്കുന്നതായി കാണാം. ഇററലിരാജ്യം പൊതുവേ അത്ര സമ്പല്‍സമൃദ്ധിയുള്ള ഒരു രാജ്യമല്ല. നിത്യവൃത്തി നേടുന്നതിനായി പ്രതിവര്‍ഷം അമ്മേരിക്കാ മുതലായ രാജ്യങ്ങളിലേക്കു പോകുന്ന ഇററാലിയന്‍ യുവാക്കന്മാരുടെ സംഖ്യകൊണ്ടുതന്നേ ഇതു മനസ്സിലാക്കാമെന്നാണു് കര്‍ട്ടിനാല്‍ തന്‍റെ ലേഖനത്തില്‍ പറയുന്നതു്. ഇതിനുംപുറമേ ലോകമഹാസമരത്തില്‍ ഇററലിക്കു തട്ടിയിട്ടുള്ള ഉടവു ഇടക്കാലത്തെങ്ങും പരിഹരിക്കപ്പെടാന്‍ പാടില്ലാത്തവണ്ണം അത്ര ഭയങ്കരമാണെന്നു അദ്ദേഹം പ്രസ്താവിക്കുന്നു. ഈ തരം പിടിച്ചു് അമ്മേരിക്കയിലുള്ള വിവിധ ശാഖക്കാരായ പ്രോട്ടസ്റ്റന്‍റു മിഷ്യനറിമാര്‍ വിദ്യാഭ്യാസം, സാധുസംരക്ഷണം എന്നിത്യാദി പേരും പറഞ്ഞു് ഓരോ സ്ഥാപനങ്ങള്‍ അവിടവിടെയായി ആരംഭിച്ചിരിക്കുന്നു. വത്തിക്കാന്‍ അരമനയോടു അടുത്തുതന്നെ അവരുടെ ഒരു വലിയ സ്ഥാപനം തുടങ്ങുന്നതിനു ആലോചിച്ചുവരുന്നുണ്ടത്രേ. തിരുസിംഹാസനത്തിന്‍റെ പ്രതികൂലികളായി അവിടെയുള്ള പ്രമാണികളോടെല്ലാം അവര്‍ സഖ്യമായിക്കഴിഞ്ഞു. ഏതായാലും "അന്ധകാരസന്തതി"യുടെ വിവേകം നാം കണ്ടുപഠിക്കത്തക്കതുതന്നേ.

---

## പരേതനായ ക. നി. മൂ. സ. ബ. അല്‍ബര്‍ത്താസച്ചന്‍ അവര്‍കൾ

ബ്രിട്ടീഷ് മലബാറില്‍ പാവര്‍ട്ടി ആശ്രമത്തോടു ചേര്‍ന്നുള്ള വി. ശൌസ്സാരിന്‍റെ മതാദ്ധ്യയന ശാലയുടെ അദ്ധ്യക്ഷനെന്ന സ്ഥാനത്തിലും, സുപ്രസിദ്ധനായ ഒരു ധ്യാനപ്രസംഗി എന്ന നിലയിലും കൊച്ചിയിലും മലബാറിലുമുള്ള ക്രിസ്ത്യാനികള്‍ക്കു ഏറിയ നാളായി പരിചിതനായിത്തീര്‍ന്നിട്ടുള്ള മേല്പറയപ്പെട്ട വന്ദ്യ വൈദികന്‍ ഇക്കഴിഞ്ഞ മേ മാസം ൨൭-ാംനു ശനിയാഴ്ച പകല്‍ ൧൧ മണിക്കു തന്‍റെ ൬൯-ാമത്തെവയസ്സില്‍ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്ന വിവരം വ്യസനസമേതം അറിയിച്ചുകൊള്ളുന്നു. മരണഹേതുകമായ ദീനം ക്ഷയമായിരുന്നു. മരണത്തിന്‍റെ ആഗമനത്തെ കുറേനാളായിട്ടു അദ്ദേഹം ഇടവിടാതെ പ്രതീക്ഷിച്ചു കൊണ്ടിരിക്കയായിരുന്നു. ൨൬-ാംനു വെള്ളിയാഴ്ച ഒടുവിലത്തെ കുമ്പസാരം അത്യന്തം ഭക്തിജനകമായ വിധത്തില്‍ കഴിക്കയും അന്നു രാത്രി അന്ത്യകൂദാശകളെല്ലാം നല്ല സുബോധത്തോടെ കൈക്കൊണ്ടു്, കടശി മരണദിവസം കാലത്തും വിശുദ്ധ കുര്‍ബാന ഉള്‍ക്കൊള്ളുകയും ചെയ്തശേഷം മഹാ സന്തോഷപുരസ്സരം കര്‍ത്താവില്‍ ഭാഗ്യനിദ്ര പ്രാപിക്കയാണുണ്ടായതു. നിര്യാതനായ ഇദ്ദേഹം കൊച്ചിയില്‍ കാരാഞ്ചിറ എടവക ആലപ്പാട്ടു എന്ന പുരാതന കുടുംബത്തില്‍ ൧൦൨൮ മകരം ൨൦-ാംനു ജാതനായി. ൧൭ വയസ്സില്‍ കൂനമ്മാവുങ്കല്‍ കര്‍മ്മലീത്താ സഭയുടെ നവ സന്യാസ ഭവനത്തില്‍ പ്രവേശിക്കയും അന്നത്തെ നവസന്യാസ ഗുരുവായിരുന്ന ഫാദര്‍ ലെപ്പോള്‍ഡു് ബെക്കാറൊ അവര്‍കളുടെ പ്രത്യേക വാത്സല്യത്തിനു പാത്രീഭവിക്കയും ചെയ്തു. ൧൦൫൨ മേടം ൩-ാംനു ഗുരുപ്പട്ടമേററശേഷം അത്മരക്ഷയ്ക്കുള്ള പല ജോലികളില്‍ ഏര്‍പ്പെട്ടു് സ്തുത്യര്‍ഹമാംവണ്ണം അ

തുകളെ നിൎവ്വഹിച്ചിട്ടുണ്ട്. വേദപ്രചാരജോലിയിൽ ഇദ്ദേഹത്തേപ്പോലെ വിജയകരമായി ശ്രമിച്ചിട്ടുള്ളവർ ഇന്നു കമ്മലീത്താ സഭയിൽ വേറേയാരും ജീവിച്ചിരുപ്പുണ്ടെന്നു തോന്നുന്നില്ല. പാവർട്ടി വേദപഠനശാലയിലുള്ള അറുനൂറോളം പുത്തുക്രിസ്തുവരിൽ ഏറിയ ഭാഗവും ഇദ്ദേഹത്തിൻെറ കയ്യാൽതന്നെ ജ്ഞാനസ്നാനം പ്രാപിച്ചിട്ടുള്ളവരാണ്. രണ്ടു കണ്ണിനും കാഴ്ചയില്ലാതായിത്തീൎന്ന കാലത്തുപോലും അവരുടെ കാൎയ്യങ്ങൾ അന്വേഷിക്കയും അവരെ പഠിപ്പിച്ചു മാമ്മോദീസാ മുക്കുന്നതിന്നു ഒരുക്കുകയും ചെയ്തിരുന്നു. അടുത്ത പ്രദേശങ്ങളിൽ നിന്നെല്ലാം വൈദികരും അൽമ്മേനികളും കുട, കൊടി, ദശ്നസമൂഹം, ബാൻറു വാദ്യം മുതലായവ സഹിതം വന്നുകൂടി ആഘോഷപൂൎവ്വം നടത്തിയ അദ്ദേഹത്തിൻെറ സംസ്കാരകൎമ്മം അദ്ദേഹത്തോടു ആദിവാസികൾക്കുണ്ടായിരുന്ന നിർവ്യാജമായ സ്നേഹബഹുമാനങ്ങളുടെ ഒരു അന്തിമലക്ഷ്യമായിരുന്നു. ഇദ്ദേഹത്തിൻെറ ആത്മാനുകൂലത്തിന്നായി വിശ്വാസികളേവരും പ്രാൎത്ഥിപ്പാറാകണം. R: I. P.

---

## മനോഗുണവിവരങ്ങൾ

കഴിഞ്ഞ സ്ക്രൂൾ പരീക്ഷയിൽ മൂന്നാംഫോറത്തിൽ ഒന്നാമതായി ജയിച്ചതിന് മാർ അന്തോനീസിനു ഉപകാരസ്മരണ.
ഒരു വിദ്യാൎത്ഥിനി.

ശസ്ത്രക്രിയ ചെയ്തു് തുന്നികെട്ടിക്കഴിഞ്ഞു് തയ്യൽ വിട്ടുപോകയിൽ, വീണ്ടു തയ്യൽ കൂടാതെ കഴിക്കുന്നതിനു തിരുഹൃദയത്തോടപേക്ഷിച്ചു സാധിച്ചതിനു ഹൃദയപൂൎവ്വം നന്ദി പറഞ്ഞുകൊള്ളുന്നു.
ജെ. ഏ. ഡി. പൂക്കോങ്ങുതോട്ടം.

എൻെറ ഭാൎയ്യയ്ക്കു പിടിപെട്ട അപകടകരമായ കോളറാമീനം വി. അന്തോനീസിൻെറ സഹായത്താൽ ഭേദപ്പെട്ടിരിക്കുന്നു. ഇ. പി. ജേ. കോതമംഗലം.

പൈങ്ങട്ടൂർ മാർ അന്തോനീസിൻെറ മാദ്ധ്യസ്ഥത്താൽ എൻെറ രക്തഒഴിച്ചിലും ബോധക്കേടും നീങ്ങിക്കിട്ടിയതിനു ഉപകാരസ്മരണ.
കെ. ററി. ഇ. കല്ലൂർ.

ചെങ്ങളത്തു അന്തോനീസു പുണ്യവാൻെറ സഹായത്താൽ ഈ കൊല്ലവും പരീക്ഷയിൽ വിജയിയായതിനു വേണ്ടി കൃതജ്ഞത പ്രദശിപ്പിച്ചുകൊള്ളുന്നു.
എ. എൽ. ജി. അഞ്ചുതെങ്ങ്.

സ്ക്രൂൾ സംബന്ധമായി അസാദ്ധ്യമായി കാണപ്പെട്ട ഒരു കാൎയ്യം തിരുഹൃദയത്തിൻെറ മനോഗുണത്താൽ സാധിച്ചു കിട്ടിയതിനാൽ ഉപകാരസ്മരണ.
മാനേജർ ജെ. സ്ക്രൂൾ കുന്നംകുളം.

ഇനിക്കു നേരിട്ട ഒരു പോലീസുകേസിൽ പൈങ്ങട്ടൂർ മാർ അന്തോനീസിൻെറ അപേക്ഷയാൽ ജയം കിട്ടിയതിനേക്കുറിച്ചു ഉപകാരസ്മരണ.
എച്ച്. ജെ. പൈങ്ങട്ടൂർ.

സ്ക്രൂളിന്നു ഗ്രാൻറു കിട്ടാതിരുന്നിട്ടു സെൻറു അന്തോനിയുടെ സഹായത്താൽ കിട്ടിയിരിക്കുന്നു.
ടി. ഏ. ശാസ്താംകോട്ട.

## ഔഷധക്കുറിപ്പുകൾ.

അരയാലിൻെറ പശയും വരട്ടുമഞ്ഞളും സമം അരച്ചുപുരട്ടിയാൽ കുഴിനഖം നിമിത്തമുള്ള നീരും വേദനയും പഴുപ്പും മാറുന്നതാണ്.

* * *

വിട്ടുമാറാതെയുള്ള മലമ്പനിക്കു അനപ്പരുവ എന്നു പറയുന്ന ഒരു മാതിരി വള്ളി സമൂലം കഷായംവച്ചുസേവിച്ചാൽ മതി.

* * *

കുറുന്തോട്ടിവേരു മോരിൽ അരച്ചു കലക്കി തിളപ്പിച്ചു സ്വല്പം സേവിച്ചാൽ കറപ്പു തിന്നുണ്ടാകുന്ന ലഹരി നീങ്ങുന്നതാണ്.

# പഞ്ചാംഗം.

ഞായറാഴ്ച അക്ഷരം 2. ൧൦൯൮ എപ്പകത്തി ൨൭

## ൧൯൨൨ ജൂലായിന്റെ മിഥുനം - കർക്കടകം.

1 17 ശ ശ്ലൂ. യോഹ. മാംദാ. എട്ടാം. ന. ആ. കു. പെ. വെ.
2 18 ഞാ ✠ പന്ത. ൪-ാംഞാ. ക. മ. സന്ദർശനം ന. കു. പെ. ൭൬ .൭ .2 വെ.
☞ തിങ്കൾ തിരുനാൾകടം പള്ളിയിൽ അറിയിക്കണം.
3 19 തി ✠ ന. പി. മാർ തോമ്മാശ്ലീഹാ. ന. കു. പെ. ച്ചു.
ചങ്ങനാശേരി വി. അപ്പ. നാമകരണൻ.
4 20 ചൊ എം. ന. കു. പെ. ച്ചു.
5 21 ബു എം. ന. കു. പെ. ച്ചു.
6 22 വ്യാ എം. ന. കു. പെ. ച്ചു.
7 23 വെ എം. ന. കു. പെ. – കർമ്മല മാതാവിൻ നവനാൾ തുടങ്ങുന്നു. ച്ചു.
8◐ 24 ശ എം. ന. കു. പെ. ച്ചു.
9 25 ഞാ ✠ (പന്ത ൫-ാംഞാ.) † മാർ അപ്രേം ന. കു. പെ. ൨൨ .൦ .൨൭ വെ.
10 26 തി മാർ തോമ്മാ ശ്ലീഹാ. എട്ടാം ന. കു. പെ. ച്ചു.
11 27 ചൊ പാ. വേദ. പീയൂസ് ന. ആ. കു. പെ. ച്ചു.
12 28 ബു വേദ. നോബേർ. ന. ആ. കു. പെ. ച്ചു.
13 29 വ്യാ പാ. വേദ. അനക്ലേ. ന. ആ. കു. പെ. ച്ചു.
14 30 വെ അ. മെ. ബൊനവെന്തുരാ. ന. ആ. കു. പെ. വെ.
15 31 ശ † അ. മെ. യാക്കോ. ദൻ. ന. ആ. കു. പെ. വെ.
ഇന്നുച്ചമുതൽ നാളെ അർദ്ധരാത്രിവരെ കർമ്മലീത്താസഭദേവാലയങ്ങൾ
സന്ദർശിച്ചു ശ്ലൂ. മാർപ്പാപ്പായുടെ നിയോഗങ്ങൾക്കായി അപേക്ഷിക്കുന്ന
വിശ്വാസികൾക്കു "തോസ്യസ് കോസ്യസ്" എന്ന എത്ര പ്രാവശ്യം
പള്ളിയിൽ കയറി അപേക്ഷിക്കുമോ അത്രയും പ്രാവശ്യം പൂർണ്ണദ. വി.
16 1 ഞാ ✠ പന്ത. ൬-ാംഞാ. († കർമ്മലമാതാ. വെ.) ന. കു. ആ. ൨൨ ൧ .2 പ.
വാഴക്കുളം, ആലപ്പുഴ ഈ പള്ളികളിൽ കർമ്മലമാതാവിൻ തിരുനാൾ.
17 2 തി മെ. അല്ലേശ്. ന. ആ. കു. പെ. വെ.
18 3 ചൊ വേദ. സുംബോർ ന. ആ. കു. പെ. ച്ചു.
19 4 ബു † മെ. വിൻസെന്തി. ന. ആ. കു. പെ. വെ.
20 5 വ്യാ ക. വേദ. മർഗ്ഗരീത്താ. ന. ആ. കു. പെ. ച്ചു.
21 6 വെ ക. പ്രക്ക്സേദി. ന. ആ. കു. പെ. വെ.
22 7 ശ ശ്ലൂ. മറിയം മഗ്ദ. ന. ആ. കു. പെ. വെ.
23 ● 8 ഞാ പന്ത. ൭-ാംഞാ. ന. കു. ആ. ൨൪൭ .൩൭ .2 .൭ പ.
☞ അടുത്ത തിങ്കൾ ഇ. വി. പള്ളിയിൽ അറിയിക്കണം.
24 9 തി ശ്ലൂ. യാക്കോ ശ്ലീഹാ. തലേ. ന. ആ. കു. ത. (ഇ. വി.) റോ.
25 10 ചൊ (✠) ശ്ലൂ. യാക്കോ ശ്ലീഹാ. ന. കു. പെ. ച്ചു.
26 11 ബു വി. അന്നാ ഉമ്മാ. ന. ആ. കു. പെ. വെ.
27 12 വ്യാ വേദ. പന്തലി. ന. ആ. കു. പെ. ച്ചു.
28 13 വെ വേദ. നസ്സാറിയും കൂട്ടരും. ന. ആ. കു. പെ. ച്ചു.
29 14 ശ ക. മത്താ. ന. ആ. കു. പെ. വെ.
30 15 ഞാ ✠ പന്ത. ൮-ാം ഞാ. ന. കു. ആ. ൭൬ .൭ .2 പ.
31 16 തി † മെ. ഇഗ്നാസിയോസ് ലോയോള. ന. ആ. കു. പെ. വെ.

---

Printed and Published for the Proprietor by P. K. Joseph, at
St. Joseph's Press, Mannanam, 1922.

## Just Out.

THE SYRO-CHALDAIC GRAMMAR. (in English)

By Rev. Fr. Gabriel of St. Joseph T. O. C. D.

The late Prior General of the Syrian Carmelite Congregation, and Syriac Professor, for over twenty - five years.

A complete up-to-date work in four parts. - Demi Octavo about 300 pages - With a preface by the author, and a learned article on "The Syriac Language and Literature" by Rev. Fr. Romeo Thomas T. O. C. D. Orthography is very exhaustive. Etymology has been most skillfully handled, Syntax and Prosody are prolific in classic examples. A short Chrestomathy concludes the work. Price Rs. 3. only. Postage extra.

Apply to:-

The Superintendent

St. Joseph's Press, Mannanam.

---

## മാന്നാനം അച്ചുക്കൂടത്തിൽ വില്പാനുള്ള പുസ്തകങ്ങളുടെ വിലവിവരപ്പട്ടിക.

| | രു. | ച. | ക. | വേദാഗമ ചരിത്രം | രു. | ച. | ക. |
|---|---|---|---|---|---|---|---|
| നിത്യാരാധന. | 2 | 0 | 0 | (പഴയ നിയമം.) | 0 | 16 | 0 |
| ,, ചുവപ്പുതുകലിൽ | | | | വേദോപദേശ സംക്ഷേപം. | 0 | 10 | 0 |
| പൊൻവരയും മററുമിട്ടതു്. | 2 | 7 | 2 | ക്രിസ്തീയവേദപാഠന ,, | 0 | 2 | 0 |
| ,, ടി. തരംതുകലിന്മേൽ പൊ | | | | വേദോപദേശസംഗ്രഹ | 0 | 2 | 0 |
| ൻപണിവരയും മാർബിളുമിട്ടതു്. | 2 | 14 | 4 | വൈദികദർപ്പണം. | 0 | 14 | 0 |
| ,, ടി. തരം പൊൻ വെള്ളി | | | | സത്യവേദ പരീക്ഷ | | | |
| കളാൽ പണിയപ്പെട്ടതു്. | 2 | 21 | 6 | (തുകൽ അരക്കെട്ടു) | 1 | 7 | 2 |
| ,, ചുവന്നതുകലിൽ പൊൻ | | | | കുടുംബപ്രതിഷ്ഠ | 0 | 3 | 9 |
| പണി. വിളുമ്പിനു മാർബിൾ. | 3 | 14 | 4 | കത്തോലിക്കാമതതത്വങ്ങൾ. | 0 | 3 | 0 |
| വിളുമ്പിനു പൊന്നും ടി. തുക | | | | ചതുർവ്വിധോത്തരീയങ്ങൾ. | 0 | 5 | 4 |
| ലിൽ പൊൻപണിയുള്ളതു്. | 5 | 14 | 4 | സുഭാഷിതങ്ങൾ. | 0 | 5 | 4 |
| ടി. വിശേഷതരംപൊൻപ. | 7 | 14 | 4 | അത്ഭുതലീലിപ്പുഷ്പമഞ്ജരി | 0 | 7 | 0 |
| കൃപാനിധി, (തുകൽക്കെട്ടു്.) | 1 | 21 | 6 | അന്തോനീസുപുണ്യവാന്റെ | | | |
| പീയൂഷസംഗ്രഹം (തു.കെട്ടു) | 0 | 21 | 6 | അപ്പം | 0 | 3 | 9 |
| ടി. പൊൻപണിയുംവിളുമ്പിനു | | | | എളിമയുടെ അഭ്യാസം. | 0 | 5 | 0 |
| മാർബിളുമിട്ടതു്. | 1 | 3 | 8 | കർത്താവിന്റെ | | | |
| ദിനചര്യം (തുകൽകെട്ടു.) | 0 | 12 | 0 | തിരുഹൃദയ വണക്കം. | 0 | 17 | 13 |
| ഒരുമണി ആരാധന. | 0 | 14 | 4 | കത്തോലിക്കാ പരിശ്രമം. | 0 | 12 | 0 |
| കുസുമ മകുടം | 0 | 3 | 0 | കുടുംബക്രമം | | | |
| ദിവ്യസ്നേഹജ്വാല. | 0 | 2 | 0 | (തുകൽ അരക്കെട്ടു്.) | 1 | 10 | 0 |
| ബാലരത്നം. | 0 | 6 | 0 | ചരമപ്രബോധനം. | 0 | 6 | 0 |
| ബാലനിക്ഷേപം(തു. അരക്കെ.) | 0 | 14 | 4 | ജപമാല. | 0 | 3 | 0 |
| വിനീതത. | 0 | 12 | 0 | ദേവമാതാവിൻ വണക്കമാസം. | 1 | 0 | 0 |
| തിരുഉറക്കൊഴിച്ചിൽ. | 0 | 2 | 0 | യൌസേപ്പു പിതാവിൻ | | | |
| Golden Key. | 1 | 7 | 2 | വണക്കമാസം. | 1 | 0 | 0 |
| പുതിയ നിയമം | 0 | 16 | 0 | ടി രണ്ടുംകൂടെ കൂട്ടിക്കെട്ടിയതു്. | 1 | 21 | 6 |

സൂപ്രണ്ടു്, സെൻറ് ജോസഫ് പ്രസ്സ്, മാന്നാനം.

Registered No. M. 365. No: T. 2.

# വി. പാപ്പിക്കമ്പനി

## മാന്നാനം.

### വില്പന സംബന്ധിച്ചുള്ള നിയമങ്ങൾ.

൧.) സാമാനങ്ങൾ ആവശ്യപ്പെടുന്നവർ അവരവരുടെ പേരും മേൽവിലാസവും വ്യക്തമായി എഴുതി അയക്കേണ്ടതാണ്.

൨.) അപരിചിതന്മാൎക്കു യാതൊരു സാമാനങ്ങളും, നാലിലൊന്നു വിലയെങ്കിലും മുൻകൂർ കിട്ടാതെ വി. പി. അയക്കുന്നതല്ല.

൩.) × ഈ അടയാളമിട്ടു രേഖപ്പെടുത്തിയിട്ടുള്ള സാമാനങ്ങൾ ഒഴികെ മറ്റെല്ലാത്തിനും, ഒരേ സമയത്ത് പത്തു രൂപായിലോ അതിൽ കൂടുതലിനോ എടുക്കുന്നപക്ഷം, പത്തിന് ഒന്നുവീതമുള്ള കമ്മീഷൻ കൊടുക്കുന്നതാണ്.

൪.) വിലയേക്കാൾ കൂടുതൽ അഞ്ചൽ കൂലി വരുന്നതുകൊണ്ട് അര രൂപാ വിലയിൽ കുറഞ്ഞ യാതൊരു സാമാനങ്ങളും മുൻകൂർ പണം മുഴുവൻ കിട്ടാതെ അയക്കുന്നതല്ല.

### ഭക്തിക്കടുത്ത സാമാനങ്ങൾ

#### അലൂമിനം കാശുരൂപങ്ങൾ

| നമ്പ്ര | | | Rs. | as. | p. |
|---|---|---|---|---|---|
| 0 | അമലോത്ഭവം (മുട്ടഭാഷ) | ,, | 0 | 2 | 3 |
| 1 | സെൻറു ജോസഫ് ,, | ,, | 0 | 3 | 6 |
| 1251 | ഇത്താല്യൻ കാശു. ,, | ,, | 0 | 5 | 0 |
| 247 | വി. അന്തോനി (വട്ടം) | ,, | 0 | 10 | 0 |
| 100 | വി. തോമ്മാശ്ലീഹാ. ,, | ,, | 0 | 10 | 0 |
| 101 | ടി. പിച്ചള ,, | ,, | 0 | 7 | 0 |
| 50 | വി. കുമ്പാന. | ,, | 1 | 0 | 0 |
| 53 | അമലോത്ഭവം. | ,, | 1 | 0 | 0 |
| 56 | ടി. | ,, | 1 | 5 | 0 |
| [illegible] | തിരുഹൃദയം. | ,, | 1 | 5 | 0 |
| 6434 | ,, | ,, | 1 | 5 | 0 |

#### അലൂ വെന്തിഞ്ഞ കാശുരൂപങ്ങൾ.

| | | | | | |
|---|---|---|---|---|---|
| 298 | മുട്ടഭാഷ. | ,, | 0 | 5 | 0 |
| 324 | കുക്കുടവൃത്തം. | ,, | 0 | 5 | 0 |
| 231 | നീണ്ടഭാഷ. | ,, | 0 | 7 | 0 |
| 337 | വൃത്തം. | ,, | 0 | 7 | 0 |
| 338 | ,, | ,, | 0 | 10 | 0 |
| 7030 | ചതിര എരട്ടത്തട്ടു ചെറുത് | ,, | 0 | 10 | 0 |
| 325 | കുക്കുടവൃത്തം. | ,, | 0 | 12 | 0 |
| 324 | കരിശുഭാഷ. | ,, | 0 | 12 | 0 |
| 7023 | ചതിര ഒററത്തട്ടു. | ,, | 0 | 14 | 0 |
| 7031 | ചതിര എരട്ടത്തട്ടു വലുത് | ,, | 1 | 0 | 0 |
| 399 | നക്ഷത്രഭാഷ. | ,, | 1 | 5 | 0 |
| 321 | മുന്തിരിങ്ങാ വള്ളിക്കെട്ട്. | ,, | 1 | 5 | 0 |

* സാമാനങ്ങൾ ആവശ്യപ്പെടുന്നവർ അതാതിനുള്ള നമ്പ്രകൾ പ്രത്യേകം കാണിച്ചിരിക്കണം.

#### പളുങ്ക് കാശുരൂപങ്ങൾ.

| | | | | | |
|---|---|---|---|---|---|
| 0 0 | തിരുഹൃ അമലോ. മുട്ടഭാഷ | ,, | 2 | 4 | 0 |
| 0 | ,, ,, ,, | ,, | 3 | 0 | 0 |
| 1 | ഇരുവശത്തും പടമുള്ള അരുളിക്ക | ,, | 1 | 11 | 0 |

#### പിച്ചള കുരിശുകൾ.

| | | | | | |
|---|---|---|---|---|---|
| 34 | $1\frac{1}{4}$ ഇഞ്ച് നീളം ഡസൻ 1 | ,, | 0 | 10 | 0 |
| 35 | $1\frac{1}{2}$ ,, ,, | ,, | 0 | 14 | 0 |
| 38 | 2 ,, ,, | ,, | 0 | 4 | 0 |
| 39 | $2\frac{3}{4}$ ,, ,, | ,, | 1 | 11 | 0 |
| 43 | 4 ,, ,, | ,, | 2 | 10 | 0 |
| 45 | 5 ,, ,, | ,, | 3 | 12 | 0 |
| 5100 | ചെറിയവെള്ളിപൂച്ച് കരിശു | | 0 | 2 | 3 |

#### അലൂ. കുരിശുകൾ

| | | | | | |
|---|---|---|---|---|---|
| 104 | B. $1\frac{3}{4}$ ,, ,, | ,, | 2 | 4 | 0 |
| 105 | B. $2\frac{1}{8}$ ,, ,, | ,, | 3 | 0 | 0 |
| 964 | M. 3 ,, ,, | ,, | 3 | 12 | 0 |
| 966 | M. $3\frac{1}{4}$ ,, ,, | ,, | 5 | 4 | 0 |
| 970 | M. $4\frac{1}{2}$ ,, ,, | ,, | 10 | 8 | 0 |
| 45 | B. 5 ,, ,, | ,, | 12 | 0 | 0 |
| 974 | M. 6 ,, ,, | ,, | 16 | 8 | 0 |

#### കൊന്തകൾ.

| | | | | | |
|---|---|---|---|---|---|
| 23 | ഉരുണ്ടകുരു ഉരുക്കുകമ്പി. | ,, | 3 | 0 | 0 |
| 4710 | കൊക്കോക്കുരു ,, | ,, | 4 | 8 | 0 |
| 3613 | കല്ലുകൊന്ത. പച്ച, നീല, ചുവപ്പു, വെള്ള. | ,, | 4 | 8 | 0 |

#### പടങ്ങൾ

| | | | | | |
|---|---|---|---|---|---|
| 8×10 | വലിപ്പം | ,, | 1 | 8 | 0 |
| 8×12 | ടി. (തിരുഹൃദയം) | ,, | 2 | 2 | 0 |
| 15×17 | ടി. | ,, | 4 | 14 | 0 |
| 16×20 | ടി. | ,, | 6 | 12 | 0 |
| | പ്രയർബുക്ക സയിസു പടങ്ങൾ | ,, | 0 | 5 | 0 |
| | കാർഡ് റെസസു പാപ്പാമുതലായ | ,, | 0 | 10 | 0 |

#### രൂപശീലകൾ

| | | | | | |
|---|---|---|---|---|---|
| | നീലരൂപച്ചീല (36 പാരു) പാളി ൧-ന | | 0 | 12 | 0 |
| | കമ്മേല ,, (64 പാരു) | ,, | 0 | 10 | 0 |

P. Pappy and Co.
Mannanam, Travancore.